14
ബുധൻ
ഡിസംബർ 2022
1198 വൃശ്ചികം 28

ലോകത്തിന്റെ കണ്ണുകൾ പന്തിന് പിറകെ....

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com



# ചാൻസലർ ബില്ല് പാസാക്കി, പ്രതിപക്ഷം ബഹിഷ്കരിച്ചു; നിയമസഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു

**തിരുവനന്തപുരം:** ഗവർണറെ ചാൻസിലർ സ്ഥാനത്തു നിന്ന് നീക്കുന്ന ബില്ല് നിയമസഭ പാസാക്കി. കഴിഞ്ഞ ദിവസം ചർച്ചയ്ക്ക് ശേഷം സബ്ജക്ട് കമ്മിറ്റിക്ക് വിട്ട ബില്ല് ഇന്ന് നിയമസഭയിൽ ചർച്ചയ്ക്ക് എടുത്തപ്പോൾ പ്രതിപക്ഷം വീണ്ടും മാറ്റം നിർദ്ദേശിച്ചു. കഴിഞ്ഞ ദിവസം പ്രതിപക്ഷ നേതാവ് നിർദ്ദേശിച്ച മാറ്റങ്ങളോടെയാണ് ബില്ല് ഇന്ന് സഭയിൽ എത്തിയത്. എന്നാൽ പ്രതിപക്ഷ നേതാവ് ഇന്ന് നിർദ്ദേശിച്ച മാറ്റങ്ങൾ ഭാഗികമായി സർക്കാർ അംഗീകരിച്ചു. പക്ഷെ വിരമിച്ച ജഡ്ജി ചാൻസലറാകണമെന്ന പ്രതിപക്ഷ നേതാവിന്റെ നിർദ്ദേശം സർക്കാർ നിരാകരിച്ചതോടെ സഭ ബഹിഷ്കരിച്ച് പ്രതിപക്ഷം ഇറങ്ങിപ്പോയി. പിന്നീട് ഭരണപക്ഷ അംഗങ്ങളുടെ പിന്തുണയോടെ ബില്ല് പാസാക്കി. തുടർന്ന് സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

സംസ്ഥാനത്തെ 14 സർവകലാശാലകൾക്കുമായി ഒരൊറ്റ ചാൻസലർ മതിയെന്നായിരുന്നു പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടത്. സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ വിരമിച്ച ജഡ്ജ് ചാൻസലറാകണം. ചാൻസലറെ നിയമിക്കാൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഹൈക്കോടതി ചീഫ് ജസ്റ്റിസും ഉൾപ്പെട്ട സമിതി വേണമെന്നും വിഡി സതീശൻ ആവശ്യപ്പെട്ടു. ഹൈക്കോടതി ചീഫ് ജസ്റ്റിസിന് പകരം സ്പീക്കറെ ഉൾപ്പെടുത്തി സമിതിയാകാമെന്ന് നിയമ മന്ത്രി പി രാജീവ് വ്യക്തമാക്കി. ഇത് പ്രതിപക്ഷവും അംഗീകരിച്ചു. എന്നാൽ വിരമിച്ച ജഡ്ജിമാർ എല്ലാ കാര്യത്തിന്റെയും അവസാന വാക്കാണെന്ന് കരുതുന്നില്ലെന്ന് പറഞ്ഞ് മന്ത്രി രാജീവ് ഈ ആവശ്യം തള്ളി. ധൈഷണിക നേതൃത്വമാണ് സർവകലാശാലകൾക്ക് വേണ്ടതെന്നും വിദ്യാഭ്യാസ വിദഗ്ദ്ധരാണ് ചാൻസലർ സ്ഥാനത്തെത്തുകയെന്നും രാജീവ് പറഞ്ഞു. ഇതോടെയാണ് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചത്. സഭ ബഹിഷ്കരിക്കരുതെന്ന് ആവശ്യപ്പെട്ട മന്ത്രി രാജീവ് പ്രതിപക്ഷ നിലപാടിന് ചരിത്രം മാപ്പ് നൽകില്ലെന്നും പറഞ്ഞു.

ചർച്ചയ്ക്കിടെ മുസ്ലിം ലീഗിനെ മന്ത്രി രാജീവ് വാനോളം പുകഴ്ത്തി. മുസ്ലിം ലീഗ് ആണ് ഗവർണറുടെ രാഷ്ട്രീയനീക്കം ആദ്യം തിരിച്ചറിഞ്ഞത്. ലീഗ് ഗവർണർക്ക് എതിരെ നടത്തിയ പ്രസ്താവന സഭയിൽ വായിച്ച മന്ത്രി, കോൺഗ്രസും ലീഗും തമ്മിലുള്ള വ്യത്യാസം ഇതാണെന്നും പറഞ്ഞു.

ഗവർണർക്കെതിരെ രൂക്ഷ വിമർശനമാണ് പ്രതിപക്ഷ ഉപനേതാവ് പികെ കുഞ്ഞാലിക്കുട്ടി ഉയർത്തിയത്. ഗവർണർ കേറി ഭരിക്കുകയാണ്. ഇത് അംഗീകരിക്കാനാവില്ല. ഭരണമാകെ ഗവർണർ ഏറ്റെടുത്ത പ്രതീതിയാണ്. ഗവർണറെ നീക്കണമെന്ന ലീഗ് നിലപാടിൽ മാറ്റമില്ല. ഗവർണറുടെ വാർത്താ സമ്മേളനങ്ങൾ അസാധാരണമാണെന്നും അദ്ദേഹം പറഞ്ഞു. സർക്കാരിനെതിരെയും ലീഗ് നേതാവ് വിമർശനം ഉന്നയിച്ചു. സർവകലാശാലകളെ ഏകപക്ഷീയമായും യൂണിയൻവത്കരിച്ചും മുന്നോട്ട് പോകുന്ന സർക്കാർ നിലപാട് അംഗീകരിക്കാനാകില്ല. സർവകലാശാല ഭരണത്തിൽ പ്രതിപക്ഷത്തെ കേൾക്കുന്നേയില്ല. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന് നിലവാരം വേണം. സമരത്തിൽ നിന്നും കലാപങ്ങളിൽ നിന്നും സർവകലാശാലകളെ മോചിപ്പിക്കണം. അതിനുള്ള നിർദ്ദേശമാണ് പ്രതിപക്ഷ നേതാവിന്റേതെന്നും അദ്ദേഹം പറഞ്ഞു.






# ആലഞ്ചേരിക്ക് ഇളവില്ല, കോടതിയിൽ ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി

### സിറോ മലബാർ സഭയുടെ ഭൂമിയിടപാടുകളുമായി ബന്ധപ്പെട്ട കേസുകൾ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് കർദിനാൾ മാർ ആലഞ്ചേരി നൽകിയ ഹർജി ഉൾപ്പടെ ജനുവരി രണ്ടാംവാരം കേൾക്കാമെന്ന് സുപ്രീംകോടതി വ്യക്തമാക്കി.

ദില്ലി: സിറോ മലബാർ സഭ ഭൂമിയിടപാട് കേസിൽ വിചാരണ കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ ആവശ്യത്തിൽ ഇടപെടാതെ സുപ്രീം കോടതി. ആവശ്യത്തിൽ ഉത്തരവിറക്കാനില്ലെന്ന് ജസ്റ്റിസ് റിഷികേശ് റോയി അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. നാളെ കാക്കനാട് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാകുന്നതിൽ നിന്ന് ഇളവ് നൽകണമെന്ന ആവശ്യത്തിലാണ് കോടതി ഇടപെടുന്നില്ലെന്ന് വ്യക്തമാക്കിയത്. സിറോ മലബാർ സഭയുടെ ഭൂമിയിടപാടുകളുമായി ബന്ധപ്പെട്ട കേസുകൾ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് കർദിനാൾ മാർ ആലഞ്ചേരി നൽകിയ ഹർജി ഉൾപ്പടെ ജനുവരി രണ്ടാംവാരം കേൾക്കാമെന്ന് സുപ്രീംകോടതി വ്യക്തമാക്കി. പള്ളികളുടെ ഭൂമിയും ആസ്തിയും വിൽക്കാൻ ബിഷപ്പുമാർക്ക് അധികാരമില്ലെന്ന ഹൈക്കോടതി ഉത്തരവിലെ തുടർനടപടികൾ അടിയന്തിരമായി സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ട് വിവിധ രൂപതകളും സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്.

# നിയന്ത്രണ രേഖയിൽ സാഹചര്യം സാധാരണ നിലയിൽ'; തവാങ് സംഘർഷത്തിൽ പ്രതികരണവുമായി ചൈന



ദില്ലി: തവാങ് സംഘരഷത്തിൽ ഇതാദ്യമായി പ്രതികരണവുമായി ചൈനയുടെ പ്രതികരണം. യഥാർത്ഥ നിയന്ത്രണ രേഖയിലെ സാഹചര്യങ്ങൾ സാധാരണ നിലയിലാണെന്നും പ്രശ്നങ്ങൾ പരിഹരിക്കാൻ തുറന്ന ചർച്ച വേണമെന്നും ചൈന പ്രസ്താവനയിൽ പറഞ്ഞു. സംഘർഷത്തിൽ ഇത് ആദ്യമായാണ് ചൈന പ്രതികരിക്കുന്നത്.

വാർത്താ ഏജൻസിയായ എഎഫ്പിയാണ് ചൈനയുടെ പ്രതികരണം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഡിസംബർ 9 ന് അരുണാചൽ പ്രദേശിലെ തവാംഗ് സെക്ടറിൽ ഇന്ത്യ-ചൈന സൈനികർ ഏറ്റുമുട്ടിയതിന് ശേഷം ചൈന ഇതേക്കുറിച്ച് പ്രതികരിച്ചിരുന്നില്ല. സംഘർഷത്തെക്കുറിച്ച് ഇന്ത്യൻ പ്രതിരോധമന്ത്രി ഇന്ന് പാർലമെന്റിൽ പ്രസ്താവന നടത്തിയിരുന്നു.


''ഞങ്ങൾ മനസ്സിലാക്കിയിടത്തോളം, ചൈന-ഇന്ത്യ അതിർത്തിയിൽ സ്ഥിതി സാധാരണനിലയിലാണ്,'' വിദേശകാര്യ മന്ത്രാലയ വക്താവ് വാങ് വെൻബിൻ പറഞ്ഞു, നയതന്ത്ര, സൈനിക മാർഗങ്ങളിലൂടെ അതിർത്തി പ്രശ്നത്തിൽ ഇരുപക്ഷവും ചർച്ചകൾ നടത്തുണ്ട്. ഡിസംബർ 9 ന് അരുണാചൽ പ്രദേശിലെ തവാങ് സെക്ടറിലെ നിയന്ത്രണ രേഖയിൽ (എൽഎസി) ഇന്ത്യയുടേയും ചൈനയുടേയും സൈനികർ ഏറ്റുമുട്ടിയതായി ഇന്ത്യൻ സൈന്യം പ്രസ്താവനയിൽ പറഞ്ഞിരുന്നു. ഏറ്റുമുട്ടലിൽ ഇന്ത്യൻ സൈനികർക്കും ചൈനീസ് സൈനികർക്കും നിസാര പരിക്കേറ്റതായി സൈന്യം അറിയിച്ചു.

അരുണാചൽ പ്രദേശിലെ തവാങ് സെക്ടറിൽ 200-ലധികം ചൈനീസ് സൈനികർ ആയുധങ്ങളുമായി ഇന്ത്യൻ സൈനികരുമായി ഏറ്റുമുട്ടിയതായി കഴിഞ്ഞ ദിവസമാണ് സൈനികവൃത്തങ്ങൾ വ്യക്തമാക്കിയത്. കിഴക്കൻ ലഡാക്കിൽ ഇരുപക്ഷവും തമ്മിൽ 30 മാസത്തിലേറെയായി തുടരുന്ന അതിർത്തി തർക്കത്തിനിടയിൽ കഴിഞ്ഞ വെള്ളിയാഴ്ചയാണ് എൽഎസിക്ക് സമീപം യാങ്സെയ്ക്ക് സമീപം ഏറ്റുമുട്ടൽ നടന്നത്.

VISA 4STUDY
STUDY REDEFINED
STUDY ABROAD
KANHANGAD | KANNUR | THRISSUR | ERNAKULAM
STUDY@VISA4STUDY.IN
+91 9847386330
0467 2080331
ENQUIRE NOW
visa4study.in

## ആശാൻ

കർദിനാളിന് തിരിച്ചടി; കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യം തള്ളി..



കർദിനാളിന് വേറൊരുനിയമം ഉണ്ടാകുമോ?

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.

പരാശക്തി ജ്യോതിഷ പീഠം
പോളി ജംഗ്ഷൻ – തൃപ്രയാർ
ഫോൺ: 9745205651, 9188205651
ജോത്സ്യൻ : ജി. എൻ. ബാബുജി
ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ട മംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം
മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരിശ്വരിയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



# കുഞ്ഞുണ്ടായാൽ 3 ലക്ഷം തരാം; എന്നിട്ടും താത്പര്യപ്പെടാതെ ജനങ്ങൾ, പ്രതിസന്ധിയിൽ ജപ്പാൻ

ടോക്യോ: കഴിഞ്ഞ കുറച്ചുകാലമായി ജപ്പാനിൽ ജനനനിരക്ക് ആശങ്കാജനകമായി കുറഞ്ഞുവരികയാണ്. അത് ഉയർത്തുന്നതിനുള്ള പല പദ്ധതികളും രാജ്യത്ത് ആവിഷ്കരിച്ചുവരുന്നുണ്ടെങ്കിലും കാര്യമായ ഗുണം ലഭിച്ചിട്ടില്ല. കുടുംബത്തിലേക്ക് ഒരാളെ കൂടി കൂട്ടിച്ചേർത്താൽ നേരത്തെ ബാങ്കിലൂടെ കിട്ടിയിരുന്ന പണം കുറച്ച് കൂട്ടി തരാമെന്ന വാഗ്ദാനമാണ് ജപ്പാൻ കുടുംബ മന്ത്രാലയം കഴിഞ്ഞ ദിവസം നൽകിയിരിക്കുന്നത്.

നിലവിൽ ജപ്പാനിൽ ഓരോ കുഞ്ഞ് ജനിക്കുമ്പോഴും രക്ഷിതാക്കൾക്ക് 420,000 യെൻ (2.52 ലക്ഷം രൂപ) ഗ്രാൻഡായി നൽകുന്നുണ്ട്. ഇത് 500,000 യെൻ (3 ലക്ഷംരൂപ) ആക്കി ഉയർത്തി നൽകാനാണ് ജപ്പാൻ സർക്കാർ തയ്യാറെടുക്കുന്നത്.

പുതിയ നിർദേശം സംബന്ധിച്ച് കുടുംബ ആരോഗ്യ മന്ത്രി ജപ്പാൻ പ്രധാനമന്ത്രി ഫ്യൂമിയോ കിഷിദയുമായി ചർച്ച നടത്തിയിട്ടുണ്ട്. 2023 ഓടെ നിർദേശം അംഗീകരിക്കപ്പെടുകയും പ്രാബല്യത്തിൽ വരികയും ചെയ്യും.

എന്നാൽ ഈ ഗ്രാൻഡൊക്കെ നൽകുന്നുണ്ടെങ്കിലും ആളുകൾക്കിത് കുട്ടികളെ ജനിപ്പിക്കാൻ പ്രചോദനമാകില്ലെന്നാണ് ജപ്പാൻ മാധ്യമങ്ങൾ തന്നെ പറയുന്നത്. കാരണമായി അവർ പറയുന്നത് ഒരു പ്രസവം കഴിയുമ്പോൾ അതിന് ചെലവാകുന്ന തുക ഗ്രാൻഡ് ലഭിക്കുന്ന പണത്തിനോടടുത്ത് വരുമെന്നാണ്.

പ്രസവ-ശിശു സംരക്ഷണ ഗ്രാൻഡ് എന്ന പേരിലാണ് സർക്കാർ പണം ലഭിക്കുന്നതെങ്കിലും പ്രസവം കഴിയുമ്പോൾ ബാക്കിയാകുന്നത് തുച്ഛമായ തുക മാത്രമാകും. ജപ്പാനിലെ പബ്ലിക് മെഡിക്കൽ ഇൻഷൂറൻസ് വഴിയാണ് ധനസഹായം ലഭിക്കുക. സാധാരണ ഒരു പ്രസവം നടക്കുമ്പോൾ ഏതാണ്ട് 473000 യെൻ (2.84 ലക്ഷം രൂപ) ചെലവാകും. പ്രസവാനന്തര ചെലവുകൾക്കും കുഞ്ഞിന്റെ സംരക്ഷണത്തിനും മറ്റുമായി ഇതിന്റെ ഇരട്ടിയോളംവരും. അതുകൊണ്ട് തന്നെ സർക്കാർ നൽകുന്ന തുക പരിമിതമാണെന്നാണ് ജപ്പാൻകാരുടെ വാദം.

അതേ സമയം പ്രസവ-ശിശു സംരക്ഷണ ഗ്രാൻഡ് 2009ന് ശേഷം ആദ്യമായിട്ടാണ് വർധിപ്പിക്കുന്നത് എന്നതും കൗതുകകരമാണ്.2021-ൽ സർക്കാർ പുറത്തുവിട്ട രേഖകൾ പ്രകാരം ഒരു നൂറ്റാണ്ടിനിടെ ഏറ്റവും കുറഞ്ഞ ജനനിരക്കുള്ള രാജ്യമാണ് ജപ്പാൻ. ഇത് രാജ്യത്ത് വലിയ ആശങ്കകൾ സൃഷ്ടിക്കുന്നുണ്ട്.

ജപ്പാനിൽ കഴിഞ്ഞ വർഷം 8,11,604 ജനനങ്ങളും 14,39,809 മരണങ്ങളും രേഖപ്പെടുത്തി. അതായത് ഒരു വർഷംകൊണ്ട് രാജ്യത്തെ ജനസംഖ്യയിൽ 6,28,205 ആളുകളുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. വിവരങ്ങൾ ശേഖരിക്കാൻ തുടങ്ങിയതിന് ശേഷമുള്ള ഏറ്റവും വലിയ അന്തരമാണിതെന്നാണ് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്യുന്നത്.2022-ലെ കണക്കുകൾ നോക്കുമ്പോഴും വലിയ ആശങ്കയാണ് ജപ്പാനിലുള്ളത്. ജനുവരി മുതൽ സെപറ്റംബർ വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ 5,99,636 കുഞ്ഞുങ്ങാളാണ് ജനിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ കണക്കിനേക്കാൾ 4.9% താഴെയാണ്.ജപ്പാൻ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്വ്യവസ്ഥയാണെങ്കിലും അവിടുത്തെ ജീവിതച്ചെലവും മന്ദഗതിയിലുള്ള വേതന വർദ്ധനവും പ്രതിസന്ധിക്ക് പ്രധാന കാരണമാണെന്ന് ചൂണ്ടിക്കാട്ടപ്പെടുന്നു.കുട്ടികൾക്കും സ്ത്രീകൾക്കും ന്യൂനപക്ഷങ്ങൾക്കും വേണ്ടി സമൂഹത്തെ കൂടുതൽ ഉൾക്കൊള്ളുന്നതിൽ യാഥാസ്ഥിതിക സർക്കാർ പിന്നോട്ട് പോയി. കൂടാതെ ജപ്പാനിലെ യുവാക്കൾക്കിടയിൽ വിവാഹത്തോട് താത്പര്യം കുറഞ്ഞുവരുന്നതായും സർവേ റിപ്പോർട്ടുകൾ പറയുന്നു.

1973 മുതലാണ് ജപ്പാനിൽ ജനസംഖ്യാ ഇടിവ് ആരംഭിച്ചത്. നിലവിൽ 12.5 കോടിയുള്ള ജപ്പാനിലെ ജനസംഖ്യ 2060 ആകുമ്പോഴേക്കും 8.67 കോടിയിലേക്കെത്തുമെന്നാണ് വിലയിരുത്തൽ.

## മാസപൂജയോടനുബന്ധിച്ച് കൂടുതൽ ദിവസങ്ങളിൽ ദർശനം നൽകാനാവുമോ എന്ന കാര്യവും പരിശോധിക്കാവുന്നതാണ്

തീർത്ഥാടനകാലം തുടങ്ങി രണ്ടാഴ്ച പിന്നിട്ടതോടെ ശബരിമല ദർശനത്തിനെത്തുന്നവരുടെ സംഖ്യ അഭൂതപൂർവമായി ഉയരുമെന്ന് അറിയാത്തവരല്ല തിരുവിതാംകൂർ ദേവസ്വം ബോർഡ്. നിർഭാഗ്യവശാൽ വർദ്ധിച്ചുവരുന്ന ഈ തിരക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിൽ അധികൃതർ പരാജയപ്പെടുകയാണ്. ഓരോ വർഷത്തെയും തിരക്കു കാണുമ്പോൾ അടുത്ത തീർത്ഥാടനകാലത്ത് സകലവിധ സൗകര്യങ്ങളും ഒരുക്കുമെന്ന പ്രഖ്യാപനം പതിവാണ്. എന്നാൽ തീർത്ഥാടകരുടെ ദുരിതം ഒരിക്കലും അവസാനിക്കുന്ന മട്ടില്ല. എത്ര കഷ്ടപ്പെട്ടാലും ഒരു നിമിഷമെങ്കിൽ ഒരു നിമിഷം അയ്യപ്പനെ ദർശിച്ച് സായൂജ്യമടയാനുള്ള അദമ്യമായ ആഗ്രഹമുള്ളിടത്തോളം എല്ലാ അസൗകര്യങ്ങളും ക്ഷമിക്കാനും സഹിക്കാനും ആളുകൾ ഒരുക്കമാണ്. എന്നാൽ ഭക്തരുടെ ക്ഷമയ്ക്കും സഹനത്തിനും ഒരതിരൊക്കെ ഇല്ലേ?

തീർത്ഥാടക നിയന്ത്രണത്തിനും സുഗമമായ ദർശനത്തിനും ഇന്ന് മാർഗങ്ങളുണ്ട്. ലോകത്തെ തന്നെ ഏറ്റവും വലിയ തീർത്ഥാടനകേന്ദ്രമായ തിരുപ്പതിയിൽ എത്ര ചിട്ടയോടും ഭക്തർക്ക് ബുദ്ധിമുട്ടില്ലാത്ത വിധത്തിലുമാണ് കാര്യങ്ങൾ നടക്കുന്നത്. ശബരിമലയിൽ തിരക്കു നിയന്ത്രണാതീതമായ കാലം മുതലേ തിരുപ്പതി മാതൃക പരീക്ഷിക്കുന്നതിനെക്കുറിച്ചു കേൾക്കുന്നതാണ്. പ്രതിനിധി സംഘങ്ങൾ പലകുറി തിരുപ്പതിയിൽ പോയി എല്ലാം നേരിട്ടു കണ്ടതുമാണ്.

കഴിഞ്ഞ ശനി, ഞായർ, തിങ്കൾ ദിവസങ്ങളിൽ ദർശനത്തിന് നാനാകേന്ദ്രങ്ങളിൽ നിന്നെത്തിയ ഭക്തരുടെ തിരക്കിൽ അക്ഷരാർത്ഥത്തിൽ ശബരിമല വീർപ്പുമുട്ടുകയായിരുന്നു. ഉൾക്കൊള്ളാനാകാത്ത രീതിയിൽ ഭക്തർ വന്നുനിറഞ്ഞപ്പോൾ എല്ലാ സുരക്ഷാക്രമീകരണങ്ങളും അവതാളത്തിലായി. പ്രായമേറിയവരും കുട്ടികളും തിങ്ങിഞെരുങ്ങി ഒരുപാടു കഷ്ടപ്പെട്ടു. പൊലീസ് സംവിധാനങ്ങൾ കെട്ടഴിഞ്ഞതോടെ ആശ്രയമില്ലാതെ തീർത്ഥാടകർ പന്ത്രണ്ടും പതിനഞ്ചും മണിക്കൂർ വരെ സന്നിധാനം മുതൽ താഴെ പമ്പവരെ നിൽക്കേണ്ടിവന്നു. അധികൃതരുടെ കരുതലില്ലായ്മയും കാര്യങ്ങൾ മുൻകൂട്ടി കാണാനുള്ള കഴിവില്ലായ്മയുമാണ് ഈ സ്ഥിതി വരുത്തിവച്ചത്. ഭക്തരെ നിയന്ത്രിച്ചു കയറ്റിവിടാൻ ഇന്ന് ഏറ്റവും ഫലപ്രദമായ മാർഗം വെർചൽ ക്യൂ സമ്പ്രദായമാണ്. കൊവിഡിനു മുമ്പുള്ള വർഷങ്ങളിൽ അതു തെളിഞ്ഞതുമാണ്. ഇപ്പോഴും വെർചൽ ക്യൂ സംവിധാനമുണ്ട്. എന്നാൽ ഒരു ദിവസം പരമാവധി എത്രപേർക്ക് ദർശന സൗകര്യം ഒരുക്കാനാവുമെന്നതിൽ അധികൃതർക്ക് മുൻകൂർ ധാരണയില്ലാത്തതുകൊണ്ടാവാം പരിധിയിൽ കവിഞ്ഞ് ഭക്തരെ പമ്പയിൽ നിന്ന് കയറ്റിവിടുന്നത്.

ഭക്തജനത്തിരക്ക് കണ്ട് താത്കാലികമായ പരിഹാരമല്ല ശബരിമലയിൽ വേണ്ടത്. സ്ഥിരം സംവിധാനങ്ങൾ ഉണ്ടായാലേ തീർത്ഥാടകർക്ക് തിരക്കേറിയ ദിനങ്ങളിൽ ശരീരത്തിനു ക്ഷതമേൽക്കാതെ ദർശന സൗഭാഗ്യം ലഭിക്കുകയുള്ളൂ. അതിന് എന്തൊക്കെ ചെയ്യാനാകുമെന്ന് ഇത്തരം വിഷയങ്ങളിൽ അറിവും പരിചയമുള്ളവരുടെ ഉപദേശത്തോടെ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കണം. വയോവൃദ്ധരെയും കുട്ടികളെയും ഉൾപ്പെടെ പത്തും പതിനഞ്ചും മണിക്കൂർ കാത്തുനിറുത്തി മഹാപാപം വലിച്ചുവയ്ക്കാതെ സുഗമമായ ദർശന സൗകര്യമൊരുക്കാൻ കഴിയണം. ദേവസ്വം ബോർഡിനൊപ്പം സർക്കാ<ളീee ഇതിനായി യത്നിക്കണം. തീർത്ഥാടനം തുടങ്ങും മുമ്പ് ആചാരം പോലെ രണ്ടും മൂന്നും അവലോകന യോഗങ്ങൾ കൂടിയതുകൊണ്ടായില്ല

നിലവിൽ വെളുപ്പിനു മൂന്നുമണിമുതൽ രാത്രി പതിനൊന്നു വരെയാണ് ദർശനസമയം. തിരക്കു കൂടിയതോടെ രാത്രി പതിനൊന്നര വരെ ദർശന സമയം വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതും മതിയാകാതെ വന്നിരിക്കുകയാണ്. ദർശനസമയം ഇനിയും ദീർഘിപ്പിക്കാനാകുമോ എന്ന് പരിശോധിക്കണം. ആശ്രയം തേടിയെത്തുന്ന ഭക്തരെ മണിക്കൂറുകളോളം കാത്തുനിറുത്തണമെന്ന് ഭഗവാനും ആഗ്രഹിക്കില്ല. മാസപൂജയോടനുബന്ധിച്ച് കൂടുതൽ ദിവസങ്ങളിൽ ദർശനം നൽകാനാവുമോ എന്ന കാര്യവും പരിശോധിക്കാവുന്നതാണ്



# ചൈന തൽസ്ഥിതി മാറ്റാൻ ശ്രമിച്ചു, ഇന്ത്യൻ സേന ശക്തമായി തിരിച്ചടിച്ചു; ഗുരുതര പരിക്കില്ല– രാജ്നാഥ് സിങ്

ന്യൂഡൽഹി: അരുണാചൽപ്രദേശിലെ തവാങ് സെക്ടറിൽ ചൈന തൽസ്ഥിതിയിൽ മാറ്റംവരുത്താൻ ശ്രമിച്ചെന്ന് പ്രതിരോധമന്ത്രി രാജ്നാഥ് സിങ്. എന്നാൽ ഇന്ത്യൻ സൈന്യം ശക്തമായി തിരിച്ചടിച്ചെന്നും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. അതിർത്തി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം പുറത്തുവന്ന വിവരങ്ങളല്ലാതെ കൂടുതലൊന്നും പ്രസ്താവനയിൽ അദ്ദേഹം ഉൾപ്പെടുത്തിയിട്ടില്ല. സംഭവത്തിൽ ഹ്രസ്വ പ്രസ്താവനയാണ് ലോക്സഭയിൽ നടത്തിയത്.

'തവാങ് സെക്ടറിൽ ചൈനീസ് സേന കടന്നുകയറാൻ ശ്രമിച്ചു. നിലവിലുള്ള സ്ഥിതി മാറ്റാനാണ് ചൈനീസ് സേന ശ്രമിച്ചത്. ഇത് ഇന്ത്യൻ സേന ശക്തമായി പ്രതിരോധിച്ചു. ഇതിനെത്തുടർന്ന് ചൈനീസ് പട്ടാളത്തിന് തിരികെ പോകേണ്ടി വന്നു. സംഘർഷത്തിൽ ഇരുവിഭാഗങ്ങളിലെയും സൈനികർക്ക് നിസാര പരിക്കേറ്റിട്ടുണ്ട്. ഗുരുതരമായ പരിക്ക് ഇന്ത്യൻ സൈനികർക്കുണ്ടായിട്ടില്ല', രാജ്നാഥ് സിങ് പറഞ്ഞു.

രാജ്യത്തിന്റെ അഖണ്ഡത കാത്തുസൂക്ഷിക്കുന്നതിൽ ഇന്ത്യൻ സൈന്യം സുശക്തമാണ്. സംഘർഷവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസമാണ് പ്രാദേശിക തലത്തിൽ ഫ്ലാഗ് മീറ്റിങ് നടന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ അവിടെ സമാധാനം പുനഃസ്ഥാപിക്കാൻ ഇരുവിഭാഗവും തീരുമാനിച്ചിട്ടുണ്ടെന്നും രാജ്നാഥ് സിങ് ലോക്സഭയിൽ അറിയിച്ചു.

പ്രതിപക്ഷം ഇക്കാര്യത്തിൽ പല സംശയങ്ങളും ലോക്സഭയിൽ പ്രകടിപ്പിച്ചെങ്കിലും പ്രസ്താവനയ്ക്കപ്പുറത്തേക്ക് കൂടുതൽ കാര്യങ്ങൾ വിവരിക്കാൻ അദ്ദേഹം തയ്യാറായില്ല. ഒമ്പതാം തീയതി നടന്ന സംഭവം അറിയിക്കാൻ ഇത്രയും ദിവസം വൈകിയത് എന്തുകൊണ്ട് എന്ന പ്രതിപക്ഷത്തിന്റെ ചോദ്യത്തിന്, അതിന് ശേഷമുള്ള രണ്ട് ദിവസങ്ങളിൽ അവധിയായിരുന്നുവെന്നായിരുന്നു മറുപടി. കൂടുതൽ വിവരങ്ങൾ നൽകാൻ തയ്യാറാകത്തിനെ തുടർന്ന് പ്രതിപക്ഷം പ്രതിഷേധിച്ച് ലോക്സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

കഴിഞ്ഞ വെള്ളിയാഴ്ചയാണ് തവാങ്ങിൽ ഇന്ത്യ-ചൈന സൈനികർ തമ്മിൽ സംഘർമുണ്ടായത്. ഈ മേഖലയിലേക്ക് കടന്നുകയറാനുള്ള ചൈനീസ് സൈന്യത്തിന്റെ ശ്രമം ഇന്ത്യൻ സേന തടഞ്ഞതാണ് സംഘർഷത്തിലേക്ക് വഴിവെച്ചത്. യാങ്സെയിലെ ഇന്ത്യൻ പോസ്റ്റ് പിടിച്ചെടുക്കാനെത്തിയ മുന്നൂറോളം ചൈനീസ് സൈനികരെ ഇന്ത്യ തുരത്തുകയായിരുന്നു. സംഘർഷത്തിൽ പരിക്കേറ്റ ഒമ്പത് ഇന്ത്യൻ സൈനികർ ചികിത്സയിലാണ്. നിരവധി ചൈനീസ്




## ക്ഷേത്രത്തിൽ മുഖ്യമന്ത്രി സ്റ്റാലിന്റെ ഭാര്യയ്ക്ക് ചൂടാൻ മുത്തുക്കുട; സംഭവം വിവാദത്തിൽ

ചെന്നൈ: ക്ഷേത്ര സന്ദർശനത്തിനെത്തിയ തമിഴ്നാട് മുഖ്യമന്ത്രി എംകെ സ്റ്റാലിന്റെ ഭാര്യയ്ക്ക് മഴയിൽനിന്നു രക്ഷപ്പെടാൻ അമ്പലത്തിലെ മുത്തുക്കുട ചൂടിയതിനെച്ചൊല്ലി വിവാദം. സ്റ്റാലിന്റെ ഭാര്യ ദുർഗ ചെന്നൈയ്ക്കടുത്ത് തിരുവട്ടിയൂർ ത്യാഗരാജ സ്വാമിക്ഷേത്ര ദർശനത്തിനെത്തിയപ്പോഴാണ് സംഭവം.

ദുർഗ സ്റ്റാലിൻ ക്ഷേത്രത്തിൽനിന്ന് പുറത്തിറങ്ങാനൊരുങ്ങിയപ്പോൾ മഴ പെയ്തു. എഴുന്നള്ളിപ്പ് വേളയിൽ പ്രതിഷ്ഠയെ ചൂടിക്കാനുള്ള മുത്തുക്കുടയെടുത്ത് ക്ഷേത്രത്തിലെ ചിലർ ദുർഗയെ ചൂടിച്ചു. പ്രതിഷ്ഠ നനയാതിരിക്കാൻ സാധാരണ കറുത്തകുട ചൂടുകയും ചെയ്തു.

എഴുത്തുകാരി ഷെഫാലി വൈദ്യ ഇതിന്റെ വീഡിയോ പുറത്തുവിട്ടതോടെയാണ് സംഭവം വിവാദമായത്. പല ബി.ജെ.പി. പ്രവർത്തകരും സാമൂഹിക മാധ്യമങ്ങളിലൂടെ ഇത് പങ്കുവെച്ചു. പ്രതിഷേധം പ്രകടിപ്പിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ കുടുംബത്തിന് ക്ഷേത്രങ്ങളിൽ ദൈവത്തേക്കാൾ വലിയ പരിഗണനയാണ് കിട്ടുന്നതെന്ന് ബി.ജെ.പി. നേതാക്കൾ കുറ്റപ്പെടുത്തി.

എന്നാൽ മുത്തുക്കുട ചൂടിച്ചത് ദുർഗ സ്റ്റാലിന്റെ താത്പര്യപ്രകാരമായിരുന്നില്ലെന്ന് അവരോടൊപ്പമുള്ളവർ അറിയിച്ചു. ക്ഷേത്രത്തിലുണ്ടായിരുന്ന ചിലരാണ് അതു ചെയ്തത്. ദുർഗ അത് തടഞ്ഞില്ലെന്നേയുള്ളൂവെന്ന് അവർ വിശദീകരിക്കുന്നു.



# പോയവർഷം ബാങ്കുകൾ എഴുതിത്തള്ളിയത് 1,74,966 കോടി രൂപയുടെ വായപ; തിരിച്ചുപിടിച്ചത് 33,534 കോടി

ന്യൂഡൽഹി: 2021-22 സാമ്പത്തിക വർഷത്തിൽ രാജ്യത്തെ വാണിജ്യ ബാങ്കുൾ എഴുതിത്തള്ളിയത് 1,74,966 കോടി രൂപയുടെ വായ്പയെന്ന് കേന്ദ്ര സർക്കാർ. ബാങ്കുകൾ കിട്ടാക്കടത്തിൽ നിന്ന് 33534 കോടി അവസാന സാമ്പത്തിക വർഷം തിരിച്ചുപിടിച്ചതായും കേന്ദ്ര സർക്കാർ വ്യക്തമാക്കി.

ജോൺ ബ്രിട്ടാസ് എം.പി ഉന്നയിച്ച ചോദ്യത്തിന് മറുപടിയായി കേന്ദ്ര ധനകാര്യ സഹമന്ത്രി ഭഗവത് കരാദ് രാജ്യസഭയിലാണ് ഇക്കാര്യം രേഖമൂലം അറിയിച്ചത്. അവസാന അഞ്ചു വർഷത്തിൽ ബാങ്കുകൾ എഴുതി തള്ളിയ വായ്പകളുടേയും തിരിച്ചുപിടിച്ചതിന്റെ പൂർണ്ണ വിവരങ്ങളാണ് ഇടത് എംപി തേടിയത്.

10 കോടിയും അതിന് മുകളിലുള്ള വായ്പ എഴുതി തള്ളിയ ബാങ്ക് അക്കൗണ്ടുകളുടെ പേരും വിവരവും ഏതെല്ലാം, പൊതുമേഖല ബാങ്കുകളിൽ ഏറ്റവും കൂടുതൽ വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തിയ ആദ്യ 25 പേരുടെ വിവരങ്ങൾ എന്നീ ചോദ്യങ്ങളും ജോൺ ബ്രിട്ടാസ് ചോദിച്ചിരുന്നു.

എന്നാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണമുള്ളതിനാൽ ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ വെളിപ്പെടുത്താനാകില്ലെന്നാണ് ധനകാര്യ സഹമന്ത്രിയുടെ മറുപടിയിൽ പറയുന്നത്. അതേസമയം, അവസാന അഞ്ചു വർഷത്തിനിടെ ബാങ്കുകൾ എഴുതിത്തള്ളിയ വായ്പയുടെ കണക്കും തിരിച്ചുപിടിച്ചതിന്റെ കണക്കും നൽകുകയും ചെയ്തിട്ടുണ്ട്.


2017-18 സാമ്പത്തിക വർഷത്തിൽ 1,61,328 കോടി രൂപയാണ് എഴുതിത്തള്ളിയത്. ഇതേ സാമ്പത്തിക വർഷം 12,881 കോടി രൂപയുടെ തിരിച്ചുപിടിക്കലാണ് നടന്നത്. 2018-19 വർഷത്തിൽ 2,36,265 കോടി രൂപയുടെ വായ്പ എഴുതി തള്ളിയിട്ടുണ്ട്. 25,501 കോടി രൂപയുടെ വായ്പാ തിരിച്ചുപിടിക്കൽ നടന്നു.

2019-20-ൽ 2,34,170 കോടി രൂപയുടെ വായ്പ എഴുതി തള്ളി. 30,016 കോടി രൂപ തിരിച്ചുപിടിച്ചു. 2020-21 സാമ്പത്തിക വർഷത്തിൽ 2,02,781 കോടി രൂപയുടെ വായ്പ എഴുതി തള്ളി. ആ സാമ്പത്തിക വർഷത്തിൽ 30,104 കോടി രൂപയുടെ കണ്ടുക്കെട്ടലാണ് നടന്നത്.



# മേയർ രാജി വയ്ക്കുന്നതൊഴിച്ച് എന്ത് വിട്ടുവീഴ്ചയ്ക്കും തയ്യാർ, കത്ത് വിവാദത്തിൽ കോർപ്പറേഷനിലെ സമരം ഒത്തുതീർപ്പാക്കാൻ ശിവൻകുട്ടിക്ക് ചുമതല നൽകി പാർട്ടി

**തിരുവനന്തപുരം:** നഗരസഭയിലെ കത്ത് വിവാദത്തിൽ പ്രതിപക്ഷ പാർട്ടികൾ നടത്തുന്ന സമരം അവസാനിപ്പിക്കാൻ രണ്ടാംഘട്ട ചർച്ചയുമായി സർക്കാർ.മന്ത്രിതലത്തിൽ നടത്തിയ ആദ്യ ചർച്ച പരാജയപ്പെട്ടതോടെയാണ് അനുനയനീക്കത്തിന് സർക്കാർ തയ്യാറായത്. മന്ത്രിമാരായ എം.ബി.രാജേഷ്, വി.ശിവൻകുട്ടി എന്നിവരുടെ നേതൃത്വത്തിലായിരിക്കും ചർച്ച. നിയമസഭ തീരുന്ന മുറയ്ക്ക് ഇന്ന് ചർച്ച നടത്താനാണ് നീക്കം. എന്നാൽ രണ്ട് മന്ത്രിമാർക്കും സൗകര്യപ്രദമായ സമയം ലഭിച്ചില്ലെങ്കിൽ ചർച്ച നാളത്തേക്ക് മാറ്റിവയ്ക്കാൻ സാദ്ധ്യതയുണ്ട്. മേയർ ആര്യാ രാജേന്ദ്രന്റെ രാജിയല്ലാതെ മറ്റൊരു അനുനയ നീക്കത്തിനും തയ്യാറല്ലെന്ന് ബി.ജെ.പിയും യു.ഡി.എഫും നിലപാട് സ്വീകരിച്ചതോടെയാണ് ആദ്യ ചർച്ച പരാജയപ്പെട്ടത്.അതുകൊണ്ടുതന്നെ സമരം അവസാനിപ്പിക്കാനുള്ള തന്ത്രങ്ങളുമായാണ് മന്ത്രിമാർ ചർച്ച നടത്തുന്നത്. സർക്കാരിനും സി.പി.എമ്മിനും ക്ഷീണമേല്പിച്ച വിവാദത്തിലെ സമരം ഇനിയും അവസാനിപ്പിച്ചില്ലെങ്കിൽ കാര്യങ്ങൾ കൂടുതൽ വഷളാകുന്ന സാഹചര്യമുണ്ടാകുമെന്നാണ് വിലയിരുത്തുന്നത്. നിയമസഭയിൽ പ്രതിപക്ഷ നേതാവ് വിഷയം അടിയന്തര പ്രമേയമായി അവതരിപ്പിച്ചിരുന്നു. അന്ന് തടിതപ്പിയ സർക്കാർ നഗരസഭയിലെ സമരം ഇനിയും തുടർന്നാൽ കൂടുതൽ പ്രതിരോധത്തിലാകും. ബി.ജെ.പിയും യു.ഡി.എഫും സമരം ശക്തമാക്കാനുള്ള നീക്കത്തിലാണ്. ചർച്ചയ്ക്ക് മുൻകൈയെടുക്കുന്നത് മന്ത്രി വി.ശിവൻകുട്ടി തദ്ദേശവകുപ്പ് മന്ത്രി എം.ബി. രാജേഷ് വിളിക്കുന്ന ചർച്ചയ്ക്ക് ചുക്കാൻ പിടിക്കുന്നത് മന്ത്രി വി. ശിവൻകുട്ടിയാണ്. മേയറുടെ രാജി ആവശ്യമൊഴികെ ബാക്കിയുള്ള എന്ത് വിട്ടുവീഴ്ചയ്ക്കും സർക്കാർ തയ്യാറാകുമെന്നാണ് സൂചന. നിലപാടിൽ ഉറച്ച പ്രതിപക്ഷത്തെ മയപ്പെടുത്താനാണ് മന്ത്രി വി. ശിവൻകുട്ടി തന്നെ രണ്ടാംവട്ട ചർച്ചയ്ക്ക് ചുക്കാൻ പിടിക്കുന്നത്.മുൻ മേയർ, ജില്ലയിൽ നിന്നുള്ള മന്ത്രി, നഗരസഭ രാഷ്ട്രീയത്തിലെ സജീവ സാന്നിദ്ധ്യം തുടങ്ങിയവ പരിഗണിച്ചാണ് പാർട്ടിയും മുഖ്യമന്ത്രിയും നഗരസഭയിലെ പ്രശ്നം പരിഹരിക്കാൻ വി. ശിവൻകുട്ടിയെ ചുമതലപ്പെടുത്തിയതെന്നാണ് സൂചന. ഇതിന്റെ ഭാഗമായി മന്ത്രിയുടെ നേതൃത്വത്തിൽ സി.പി.എം ജില്ലാ കമ്മിറ്റി ഓഫീസിൽ മേയർ, നഗരസഭാ പാർലമെന്ററി പാർട്ടി ലീഡർ, മറ്റ് മുതിർന്ന നേതാക്കൾ എന്നിവരുടെ യോഗവും ചേർന്നു. മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയുമായി മന്ത്രിമാർ അനൗദ്യോഗിക ചർച്ച നടത്തിയെന്നും സൂചനയുണ്ട്. ചർച്ചയിൽ മേയർ രാജിവയ്ക്കേണ്ടെന്ന നിലപാടിലെത്തിയെന്നാണ് റിപ്പോർട്ട്.ആദ്യം നടന്ന ചർച്ചയിലെ ആവശ്യങ്ങളിൽ ഉറച്ച് നിൽക്കുകയാണ് പ്രതിപക്ഷം. രണ്ടാംവട്ട ചർച്ചയിൽ മേയറുടെ രാജി വേണ്ടെന്നുള്ളതിൽ സമവായത്തിലെത്താനാണ് സാദ്ധ്യത. ആദ്യഘട്ട ചർച്ചയുടെ അടിസ്ഥാനത്തിലാണ് പ്രതിപക്ഷസമരം മയപ്പെടുത്തിയത്. മേയർ രാജിവയ്ക്കാതെയുള്ള പ്രതിപക്ഷത്തിന്റെ ഡിമാൻഡ് അംഗീകരിച്ച് സർക്കാർ തടിയൂരാനാണ് ശ്രമിക്കുന്നത്. ഈ ചർച്ചയും പരാജയപ്പെട്ടാൽ യു.ഡി.എഫും ബി.ജെ.പിയും സമരം ശക്തമാക്കുമെന്നാണ് വിവരം. നിയമനം സുതാര്യമാക്കും, എല്ലാ നിയമനങ്ങളും എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി എന്നീ കാര്യങ്ങളിൽ ആദ്യ ചർച്ചയിൽ തന്നെ ധാരണയായിരുന്നു.





# സിൽവർലൈനിൽ മുഖ്യമന്ത്രി നിയമസഭയെ തെറ്റിദ്ധരിപ്പിച്ചു: രേഖകൾ പുറത്തുവിട്ട് കേന്ദ്രമന്ത്രി വി.മുരളീധരൻ

**ന്യൂദൽഹി:** നിയമസഭയിൽ സിൽവർലൈനുമായി ബന്ധപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശത്തിന് മറുപടിയുമായി കേന്ദ്രവിദേശകാര്യ സഹമന്ത്രി വി മുരളീധരൻ. സിൽവർലൈൻ ഡിപിആറിലെ അപാകതകൾ കേന്ദ്ര സർക്കാർ അറിയിച്ചിട്ടില്ലെന്ന മുഖ്യമന്ത്രിയുടെ മറുപടി കള്ളമെന്ന് കേന്ദ്രമന്ത്രി ദൽഹിയിൽ പറഞ്ഞു. 2021 ഒക്ടോബർ മുതൽ തന്നെ പലതവണയായി റെയിൽവേ സംസ്ഥാന സർക്കാരിന് കത്തുകളയച്ചിട്ടുണ്ട്. എന്നാൽ അവയ്ക്കൊന്നും സർക്കാർ മറുപടി നൽകുന്നില്ല. കത്തുകൾ പുറത്തുവിട്ടുകൊണ്ടായിരുന്നു കേന്ദ്രമന്ത്രിയുടെ വാർത്താസമ്മേളനം. മുഖ്യമന്ത്രിയോടൊപ്പം ഉള്ള ആളുകൾ അദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട്. അല്ലെങ്കിൽ പിണറായി വിജയൻ ബോധപൂർവ്വം നിയമസഭയിൽ കള്ളം പറയുന്നുവെന്നും വി മുരളീധരൻ പറഞ്ഞു.പദ്ധതിയുടെ അപ്രായോഗികതയെക്കുറിച്ച്, ഡിപിആർ അപൂർണമാണ് എന്നതിനെ കുറിച്ച് വിശദീകരണം തേടിക്കൊണ്ടുള്ള കത്തിന്റെ മറുപടി ഇതുവരെ സമർപ്പിക്കാത്തത് എന്തുകൊണ്ടെന്നും കേന്ദ്രമന്ത്രി ചോദിച്ചു.കേരളത്തിന്റെ നിയമസഭയെ, ജനതയെ തെറ്റിദ്ധരിപ്പിക്കുന്ന മുഖ്യമന്ത്രിയുടെ നിലപാട് മാർകിസിസ്റ്റ് പാർട്ടിയും മുഖ്യന്ത്രിയും കഴിഞ്ഞ കുറച്ചുകാലമായി തുടരുന്ന രാഷ്ട്രീയ സംസ്കാരത്തിന്റെ ഭാഗമെന്നും മന്ത്രി കൂട്ടിച്ചേർത്തു. തെരഞ്ഞെടുപ്പ് വരുമ്ബോൾ ഏത് തെറ്റിദ്ധാരണയും പരത്തി വോട്ട് നേടുക എന്നത് മാത്രമാണ് സിപിഎം ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.പ്രതിപക്ഷത്തിന് ജനങ്ങളോട് പ്രതിബദ്ധതയുണ്ടെങ്കിൽ ഈ തരത്തിൽ സഭയെ തെറ്റിദ്ധരിപ്പിച്ച മുഖ്യമന്ത്രിക്കെതിരെ അവകാശലംഘനത്തിനുള്ള നോട്ടീസ് നൽകാൻ തന്റേടം കാണിക്കണം.സഭയെ തെറ്റിദ്ധരിപ്പിച്ച മുഖ്യമന്ത്രി ജനങ്ങളോട് മാപ്പ് പറയണമെന്നും വി മുരളീധരൻ പറഞ്ഞു. ജനങ്ങളുടെ മുന്നിൽ പച്ചക്കള്ളം പരത്തുന്ന രാഷ്ട്രീയത്തിന് ജനം തന്നെ മറുപടി പറയുമെന്ന് മുഖ്യമന്ത്രി ഓർത്താൽ നല്ലതെ



# പി.വി.ശ്രീനിജിനെതിരെ ജാതി അധിക്ഷേപം നടത്തിയ കേസ്; സാബു ജേക്കബിന്റെ അറസ്റ്റ് വിലക്കി ഹൈക്കോടതി

**കുന്നത്തുനാട്** എംഎൽഎയെ അധിക്ഷേപിച്ച കേസിൽ സാബു എം ജേക്കബിന്റെ അറസ്റ്റ് വിലക്കി ഹൈക്കോടതി. മറ്റ് പ്രതികളുടെയും അറസ്റ്റ് വിലക്കിയിട്ടുണ്ട്.എഫ്ഐആർ റദ്ദാക്കണമെന്ന ഹർജി നാളെ പരിഗണിക്കും. എംഎൽഎ പി.വി.ശ്രീനിജിനെതിരെ ജാതി അധിക്ഷേപം നടത്തിയ കേസിലാണ് നടപടി. ജസ്റ്റിസ് കൗസർ എടപ്പഗത്തിന്റെ ബെഞ്ച് ആണ് ഹർജി പരിഗണിച്ചത്. കേസ് പരിഗണിക്കുന്ന ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ ബദറുദ്ദീൻ നേരത്തേ പിൻമാറിയിരുന്നു. എംഎൽഎയുടെ പരാതിയിൽ സാബു എം ജേക്കബിനെ ഒന്നാം പ്രതിയാക്കി ,പട്ടികജാതി പീഡന നിരോധന നിയമ പ്രകാരമാണ് പൊലീസ് കേസെടുത്തത്. ഐക്കരനാട് കൃഷിഭവൻ നടത്തിയ കർഷക ദിനത്തിൽ ഉദ്ഘാടകനായി എത്തിയ എംഎൽഎ യെ ജാതിയമായി അപമാനിച്ചു എന്നായിരുന്നു പരാതി. കേസിൽ എഫ്.ഐ.ആർ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് ട്വന്റി ട്വന്റി ചീഫ് കോർഡിനേറ്റർ സാബു. എം. ജേക്കബ് ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചത്. പരാതിക്കാരനെ ജാതീയമായി അധിക്ഷേപിച്ചിട്ടില്ലെന്നും, സംഭവദിവസം സ്ഥലത്തുപോലും ഉണ്ടായിരുന്നില്ലെന്നുമാണ് സാബു. എം.ജേക്കബിന്റെ വാദം.പി.വി. ശ്രീനിജിൻ എംഎൽഎയുമായുള്ളത് രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസമാണെന്നും സാബു ജേക്കബ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എംഎൽഎയുടെ പരാതിയിൽ സാബു എം ജേക്കബിനെ ഒന്നാം പ്രതിയാക്കി പൊലീസ് കേസെടുത്തിരുന്നു. പട്ടികജാതി പീഡന നിരോധന നിയമ പ്രകാരമാണ് കേസെടുത്തത്. ഐക്കരനാട് കൃഷിഭവൻ സംഘടിപ്പിച്ച കാർഷിക ദിനാചരണത്തിൽ ഉദ്ഘാടകനായി എത്തിയ എംഎൽഎയെ ജാതീയമായി അപമാനിച്ചു എന്നായിരുന്നു പരാതി. ഐക്കരനാട് പഞ്ചായത്ത് പ്രസിഡന്റ് ഡീന ദീപക് ആണ് രണ്ടാം പ്രതി. പഞ്ചായത്ത് അംഗങ്ങൾ ഉൾപ്പടെ കേസിൽ ആകെ ആറ് പ്രതികൾ ആണ് ഉള്ളത്.ട്വന്റി ട്വന്റിയെ നശിപ്പിക്കാനാണ് ശ്രീനിജിൻ എംഎൽഎയുടെ ശ്രമമെന്ന് സാബു എം.ജേക്കബ് ആരോപിച്ചിരുന്നു. ഓഗസ്റ്റ് ഏട്ടിന് നടന്നു എന്ന് പറയുന്ന സംഭവത്തിൽ കേസ് എടുത്തത് ഡിസംബർ എട്ടിനാണ്. വീണു കിട്ടിയ അവസരം കമ്ബനിയെ ഇല്ലാതാക്കാൻ ഉപയോഗിക്കുകയാണെന്നും സാബു ജേക്കബ് കുറ്റപ്പെടുത്തി.



# ഇരുപത് വർഷം കൊണ്ട് കേരളത്തെ ലോകത്തിലെ ഏറ്റവും വികസിതമായ പ്രദേശമായി മാറ്റുകയെന്ന ദൗത്യം പൂർത്തീകരിക്കും: എം.വി.ഗോവിന്ദൻ

**തളിപ്പറമ്ബ്:** ഇരുപത് വർഷം കൊണ്ട് കേരളത്തെ ലോകത്തിലെ ഏറ്റവും വികസിതമായ പ്രദേശമാക്കി മാറ്റുകയെന്നദൗത്യം പൂർത്തീകരിക്കുക തന്നെ ചെയ്യുമെന്ന് എം.വി.ഗോവിന്ദൻ എം.എൽ.എ.നമ്മുടെ നാട് ആഗ്രഹിക്കുന്നതിന് അപ്പുറത്തേക്ക് പിന്നണിയിൽ കിടക്കുന്ന ജനവിഭാഗത്തെ എത്തിക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. തളിപ്പറമ്ബ് ബ്ലോക്ക് പഞ്ചായത്ത് കോമ്ബൗണ്ടിൽ സ്ഥാപിക്കുന്ന ഷീലോഡ്ജിന് തറക്കല്ലിട്ട് സംസാരിക്കുകയായിരുന്നു എം.എൽ.എ. കരിമ്ബം ജില്ലാ കൃഷി ഫാമിനെ ഫാം ടൂറിസം കേന്ദ്രമായി ഉയർത്താനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചുവരികയാണ്. ലോകത്തിലെ ഏറ്റവും നല്ല മണ്ണാണ് കുറുമാത്തൂർ പഞ്ചായത്തിലുള്ളതെന്ന് ബ്രിട്ടീഷുകാർ തന്നെ കണ്ടുപിടിച്ചതാണ്.അത് ഉപയോഗപ്പെടുത്താനുള്ള കർമ്മ പദ്ധതികൾ ആവശ്യമാണെന്നും ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. കൃഷി കാണാൻ മാത്രമല്ല, എങ്ങനെ കൃഷി ചെയ്യാമെന്നുകൂടി പരിശീലിക്കാവുന്ന സൗകര്യമാണ് കരിമ്ബം ഫാമിലും കില പരിശീലനകേന്ദ്രത്തിലുമായി ഒരുക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നബാർഡിന്റെ സാമ്ബത്തിക സഹായത്തോടെ എട്ട് കോടി രൂപയുടെ പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഷി ലോഡ്ജ് പുതിയ കാലഘട്ടത്തിൽ ഏറ്റവും അത്യാവശ്യമായ ഒന്നാണെന്നും കൂടുതൽ വികസിപ്പിച്ച കെട്ടിട സൗകര്യങ്ങൾ വരും വർഷങ്ങളിൽ ഉണ്ടാകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.എം. കൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ അഡ്വ. കെ.കെ.രത്നകുമാരി, ബ്ലോക്ക് പഞ്ചായത്തംഗം കൊയ്യം ജനാർദ്ദനൻ, പഞ്ചായത്ത് പ്രസിഡന്റുമാരായ ടി.ഷീബ, വി.എം. സീന, വി.പി.മോഹനൻ, ടി.സുലജ, ബേബി ഓടംപള്ളിൽ, ജോജി കന്നിക്കാട്ടിൽ, പി.ശ്രീമതി, കെ.എസ്.ചന്ദ്രശേഖരൻ, സുനിജ ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ബാലകൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.പ്രേമലത സ്വാഗതവും സെക്രട്ടെറി കെ.എം.പ്രസീത നന്ദിയും പറഞ്ഞു.

# ഗവർണർ ഭരണം അംഗീകരിക്കാനാവില്ല: പി കെ കുഞ്ഞാലിക്കുട്ടി



ഗവർണർ ആരിഫ് മുഹമ്മദ് ഖാനെതിരെ മുസ്ലിം ലീഗ്. ഗവർണർ ഭരണം അംഗീകരിക്കാനാവില്ലെന്ന് പി കെ കുഞ്ഞാലിക്കുട്ടി നിയമസഭയിൽ പറഞ്ഞു.ഗവർണറെ ചാൻസിലർ സ്ഥാനത്ത് നിന്ന് മാറ്റാനുള്ള ബില്ല് നിയമസഭയിലുള്ള പശ്ചാത്തലത്തിലാണ് ഈ പ്രതികരണം. ഗവർണറെ ചാൻസിലർ സ്ഥാനത്ത് നിന്നും മാറ്റുന്നതിനെ അനുകൂലിക്കുന്നുവെന്നും കുഞ്ഞാലിക്കുട്ടി വ്യക്തമാക്കി.അതേസമയം, ബില്ല് സഭ അംഗാകരിക്കണമെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. ബില്ലിനു മേൽ പ്രതിപക്ഷത്തിന്റെ ഭേദഗതിക്കെതിരെ കെ ടി ജലീൽ രംഗത്ത് വന്നു. എന്തിനാണ് അനാവശ്യ കീഴ്വഴക്കം കൊണ്ടുവരുന്നതെന്നും സർവകലാശാലകളെ ആർ.എസ്.എസ്വത്കരിക്കുന്നതിൽ നിന്നും തടയുകയാ

# ശബരിമലയിൽ ആക്ടിവിസ്റ്റുകളുടെ ആചാരലംഘന നീക്കങ്ങൾ ഉണ്ടാകുമെന്ന് സൂചന; പരിശോധന ശക്തമാക്കി പോലീസ്

**പത്തനംതിട്ട:** ശബരിമലയിൽ അനുഭവപ്പെടുന്ന കനത്ത തിരക്ക് മുതലെടുത്ത് ആക്ടിവിസ്റ്റുകളുടെ ആചാരലംഘന നീക്കങ്ങൾ ഉണ്ടാകുമെന്ന് അഭ്യൂഹം.ഇതേ തുടർന്ന് പോലീസ് പരിശോധന ശക്തമാക്കി. ശബരിമലയിലേക്ക് എത്താൻ സാധ്യതയുള്ള ആക്ടിവിസ്റ്റുകളെ നിരീക്ഷിക്കാൻ സ്പെഷ്യൽ ബ്രാഞ്ചിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആചാരലംഘന നീക്കം എന്നത് സ്ഥിരീകരിക്കാൻ കഴിയാത്ത അഭ്യൂഹം മാത്രമാണെന്ന് പോലീസ് വ്യക്തമാക്കി.മണ്ഡലകാലം ആരംഭിച്ച സമയത്ത് ആഭ്യന്തരവകുപ്പ് ഡ്യൂട്ടിയിൽ വിന്യസിച്ചിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കായി നിർദ്ദേശങ്ങൾ എന്ന പേരിൽ ബുക്ക്ലെറ്റ് വിതരണം ചെയ്തിരുന്നു. ആചാരലംഘന വിഷയവും ഇതിൽ ഉൾപ്പെടുത്തിയിരുന്നു. കേരളപോലീസിന് നൽകിയ പൊതു നിർദ്ദേശങ്ങളിൽ ആചാരലംഘനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തിയത് വലിയ വിവാദങ്ങൾക്ക് വഴി വച്ചു. ബിജെപിയുടെ നേതൃത്വത്തിൽ ശക്തമായ പ്രതിഷേധം ഉയർന്നതോടെ ബുക്ക്ലെറ്റ് പിൻവലിച്ച് സർക്കാർ തടിതപ്പുകയായിരുന്നു. സംഭവത്തിൽ സർക്കാരിനും ദേവസ്വം ബോർഡിനും ദുരുദ്ദേശ്യമില്ലെന്ന് മന്ത്രി വ്യക്തമാക്കിയിരുന്നു.2018 ലെ മണ്ഡലകാലത്ത് ആക്ടിവിസ്റ്റുകളായ കനകദുർഗയും ബിന്ദു അമ്മിണിയും സംസ്ഥാന സർക്കാരിന്റെ ഒത്താശയോടെ ആചാരലംഘനം നടത്താൻ ശ്രമിച്ചിരുന്നു. ഭക്തജനലക്ഷങ്ങളുടെ വിശ്വാസത്തെ വെല്ലുവിളിച്ച് പോലീസിന്റെ കൂടി സഹായത്തോടെയായിരുന്നു, ശബരിമലയിൽ ആചാരലംഘനം നടത്താൻ ശ്രമിച്ചത്. മുഖം മറച്ചുപടിച്ച് രാത്രിയുടെ മറവിൽ ശബരിമലയിൽ കയറാൻ ശ്രമിച്ച യുവതികൾക്ക് പോലീസ് അകമ്ബടി നൽകിയിരുന്നു. പമ്ബയിൽ നിന്ന് തന്നെ മഫ്തിയിലെത്തിയ പോലീസ് സംഘം ഇവർക്ക് സുരക്ഷ ഒരുക്കി. ഒപ്പം ഇവർ മല കയറുന്ന ദൃശ്യങ്ങളും പോലീസ് ക്യാമറയിൽ പകർത്തി. ആറ് പോലീസ് ഉദ്യോഗസ്ഥരെയാണ് ഇവരുടെ സുരക്ഷയ്ക്കായി ചുമതലപ്പെടുത്തിയിരുന്നത്.സംഭവം പുറത്തറിഞ്ഞതോടെ ബിജെപിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം ശക്തമായ പ്രതിഷേധം സംഘടിപ്പിച്ചു. രാജ്യത്തുടനീളമുള്ള ഭക്തർ ഐക്യദാർഢ്യം പ്രഖ്യാപിച്ച് വന്നതോടെ ജനരോഷം ഭയന്ന് സർക്കാർ പിൻവാങ്ങുകയായിരുന്നു.കൊറോണ നിയന്ത്രണങ്ങൾക്ക് ശേഷമുള്ള ആദ്യ മണ്ഡലകാലമായ ഈ വർഷം കനത്ത തിരക്കാണ് ശബരിമലയിൽ അനുഭവപ്പെടുന്നത്. ഒരു ലക്ഷത്തിലധികം ആളുകളാണ് ദിനംപ്രതി സന്നിധാനത്തെത്തുന്നത്. ഈ തിരക്കിന്റെ മറവിൽ ആക്ടിവിസ്റ്റുകൾ സർക്കാരിന്റെ കൂടി ഒത്താശയോടെ ആചാരലംഘനം നടത്തുമോ എന്ന ആശങ്കയാണിപ്പോൾ ഉയർന്നു വന്നിരിക്കുന്നത്.

സെക്യൂരിറ്റി ജോലി ആവശ്യം ഉള്ളവരും.
സെക്യൂരിറ്റികളെ ആവശ്യം ഉള്ളവരും
ബന്ധപെടുക

പരബ്രഹ്മ് സെക്യൂരിറ്റി സർവീസ്

ആലപ്പുഴ , ഹരിപ്പാട്, മാവേലിക്കര, കായംകുളം എന്നിവിടങ്ങളിൽ ഞങ്ങളുടെ സേവനം ലഭ്യമാണ്

ഹോം നഴ്സിംഗ് , ഹൗസ് കീപ്പിംഗ് , ക്ലീനിംഗ് ജോലിക്കാരെയും നൽകും

**വിളിക്കുക**

9995711426
9497152942

ഹോം നഴ്സിംഗ് , രോഗി പരിചരണം എന്നിവ ഉത്തരവാദിത്തത്തോട് കൂടി ചെയ്ത് കൊടുക്കുന്നു ഹോംനഴ്സ് ജോലിക്ക് ആളെ ആവശ്യം ഉള്ളവരും, ഹോംനഴ്സ് ജോലി ആവശ്യം ഉള്ളവരും. ബന്ധപെടുക.
Kayamkulam, Mavelikara, Harippad ഉള്ളവർക്കു മുൻഗണന.





special-news




# മലപ്പുറം ഡി.സി.സി പ്രസിഡൻറിനെതിരെ പടയൊരുക്കം; പാർട്ടിക്കുള്ളിൽ ഒപ്പുശേഖരണം

**മലപ്പുറം:** ഡി.സി.സി പ്രസിഡൻറിനെതിരെ പടയൊരുക്കം ശക്തം. വി.എസ്. ജോയിയെ പ്രസിഡൻറ് സ്ഥാനത്തുനിന്ന് നീക്കണമെന്നാണ് ഇവരുടെ ആവശ്യം.ഇതിന് പാർട്ടിക്കുള്ളിൽ ഒപ്പുശേഖരണം നടക്കുകയാണ്. എ ഗ്രൂപ്പിൻറെ നേതൃത്വത്തിൽ നടക്കുന്ന ഒപ്പുശേഖരണത്തിന് ഐ വിഭാഗത്തിലെ പഴയ നേതാക്കളുടെയും പിന്തുണയുണ്ട്. കെ.പി.സി.സി അംഗങ്ങൾ, ഡി.സി.സി ഭാരവാഹികൾ, ബ്ലോക്ക് പ്രസിഡൻറുമാർ എന്നിവരുടെ ഒപ്പുശേഖരമാണ് നടക്കുന്നത്. തുടർന്ന് കെ.പി.സി.സി, എ.ഐ.സി.സി നേതൃത്വത്തിന് സമർപ്പിക്കാനാണ് നീക്കം.2021 ആഗസ്റ്റിലാണ് ജോയിയെ പ്രസിഡൻറായി പ്രഖ്യാപിക്കുന്നത്. ജില്ലയുടെ തുടക്കം മുതൽ പ്രസിഡൻറ് സ്ഥാനം എ ഗ്രൂപ്പിനായിരുന്നു ലഭിച്ചത്. എ.പി. അനിൽകുമാർ എം.എൽ.എയുടെ ശക്തമായ പിന്തുണയിലായിരുന്നു ജോയിക്ക് പ്രസിഡൻറ് സ്ഥാനം ലഭിച്ചത്. ഇതോടെ പാർട്ടിക്കുള്ളിൽ പ്രതിഷേധം ശക്തമായിരുന്നു. ഇതാണ് ഇപ്പോൾ പുറത്തുവന്നത്. ഗ്രൂപ്പുരാഷ്ട്രീയമാണ് ജോയി നടത്തുന്നതെന്ന പരാതി ശക്തമാണ്.പ്രശ്നങ്ങളിൽ കൃത്യമായി ഇടപെടുന്നില്ലെന്നും സമവായത്തിന് ശ്രമിക്കുന്നില്ലെന്ന ആരോപണവുമുണ്ട്.മണ്ഡലം, ബ്ലോക്ക് കമ്മിറ്റികളെ അട്ടിമറിക്കുന്നു, ഇഷ്ടമുള്ളവരെ നിയമിക്കുന്നെന്നും ഇതിൽ സംഘടനതലത്തിലുള്ള കൂടിയാലോചനകൾ നടക്കുന്നില്ല എന്ന ആരോപണമുണ്ട്. ഭാരത്ജോഡോ യാത്രയുമായി ബന്ധപ്പെട്ട് പിരിഞ്ഞുകിട്ടിയ തുകയുടെ കണക്കുമായി ബന്ധപ്പെട്ട് നവംബറിൽ ചേർന്ന ഡി.സി.സി യോഗത്തിൽ ബഹളമുണ്ടായിരുന്നു.ഇ. മുഹമ്മദ്കുഞ്ഞി, വി.എസ്. ജോയ് എന്നിവരുടെ നേതൃത്വത്തിൽ എ ഗ്രൂപ്പിലെ ഒരുവിഭാഗം ഇപ്പോൾ എ.പി. അനിൽകുമാറിനൊപ്പമാണ്. നേരേത്ത, അനിൽകുമാറിനൊപ്പമുണ്ടായിരുന്ന പി.ടി. അജയ് മോഹൻ ഇപ്പോൾ മറുപക്ഷത്താണ്. യു.കെ. അഭിലാഷ്, പി.ആർ. രോഹിൽനാഥ് തുടങ്ങിയ പഴയ ഐ ഗ്രൂപ്പുകാരും ആര്യാടൻ ഷൗക്കത്തിൻറെ എ വിഭാഗവുമായി ധാരണയിലാണ്.ഷൗക്കത്തിന് പുറമെ വി.എ. കരീം, വീക്ഷണം മുഹമ്മദ്, റിയാസ് മുക്കോളി, വി. സുധാകരൻ, കെ.എ. പത്മകുമാർ എന്നിവരാണ് ഒപ്പുശേഖരണത്തിന് നേതൃത്വം നൽകുന്നത്. കെ.പി.സി.സി ഭാരവാഹികളിൽ വി. ബാബുരാജ് ആര്യാടൻ ഷൗക്കത്ത് അനുകൂല നിലപാടിലാണ്. ആലിപ്പറ്റ ജമീല, കെ.പി. നൗഷാദ് അലി തുടങ്ങിയവർ നിക്ഷ്പക്ഷത പാലിക്കുന്നു.



# വിസ്മയ കേസ്; അപ്പീൽ വിധി വരുന്നതുവരെ ശിക്ഷ നടപ്പിലാക്കുന്നത് മാറ്റണമെന്ന കിരണിന്റെ ആവശ്യം ഹൈക്കോടതി തള്ളി

**കൊല്ലം:** വിസ്മയ കൊലക്കേസിൽ ശിക്ഷ നടപ്പാക്കുന്നത് നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിൽ പ്രതി കിരൺ കുമാറിന് തിരിച്ചടി.ശിക്ഷ നടപ്പാക്കുന്നത് തടയില്ലെന്നാണ് ഹൈക്കോടതി വ്യക്തമാക്കിയത്. ജസ്റ്റിസുമാരായ അലക്സാണ്ടർ തോമസ്, സോഫി തോമസ് എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചാണ് ഹർജി തള്ളിയത്. വിചാരണക്കോടതി ഉത്തരവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുള്ള അപ്പീലിൽ തീരുമാനാമാകുന്നത് വരെ ശിക്ഷ നടപ്പാക്കുന്നത് നിർത്തിവയ്ക്കണമെന്നായിരുന്നു പ്രതിയുടെ ആവശ്യം.സ്ത്രീധന പീഡനത്തെ തുടർന്ന് കൊല്ലം സ്വദേശിനി വിസ്മയ ആത്മഹത്യ ചെയ്ത കേസിൽ മേയ് 24നാണ് കിരൺകുമാറിനെ കോടതി ശിക്ഷിച്ചത്. നിലവിൽ പൂജപ്പുര സെൻട്രൻ ജയിലിലാണ് കിരൺകുമാറുള്ളത്. സ്ത്രീധന പീഡനം മൂലമുള്ള മരണം, സ്ത്രീധന പീഡനം, ആത്മഹത്യാപ്രേരണ, പരിക്കേൽപ്പിക്കൽ, ഭീഷണിപ്പെടുത്തൽ എന്നീ വകുപ്പുകളും സ്ത്രീധന പീഡന നിരോധന നിയമത്തിലെ മൂന്ന്, നാല് വകുപ്പുകളുമാണ് കിരൺ കുമാറിനെതിരെ ചുമത്തിയിട്ടുള്ളത്. 42 സാക്ഷികളും 120 രേഖകളും 12 തൊണ്ടി മുതലുകളുമാണ് കേസിലുള്ളത്.2021 ജൂൺ 21നാണ് വിസ്മയയെ കിരണിന്റെ ശാസ്താംകോട്ട ശാസ്താവുംനടയിലെ വീട്ടിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. ജനുവരി പത്തിന് വിസ്മയ കേസിൽ വിചാരണ ആരംഭിച്ചു. പിതാവ് ത്രിവിക്രമൻ നായർ, സഹോദരൻ വിജിത്ത് എന്നിവരായിരുന്നു കേസിലെ മുഖ്യ സാക്ഷികൾ.



# മർദിച്ചെന്ന് ആരോപിച്ച്പ്രായപൂർത്തിയാകാത്ത പെൺമക്കൾ പരാതി നൽകി; പിതാവിനെ വീടിനുള്ളിൽ തൂങ്ങി മരിച്ചനിലയിൽ

**ബത്തേരി:** പ്രായപൂർത്തിയാകാത്ത പെൺമക്കളെ മർദിച്ച കേസിലെ പ്രതിയായ നാൽപ്പത്തിയഞ്ചുകാരനെ തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തി.വാളാട് കണ്ണിമൂല കുടിയിരിക്കൽ ആന്റണി ആണ് ജീവനൊടുക്കിയത്. ഇന്നലെ ഉച്ചയ്ക്ക് പന്ത്രണ്ടരയോടെ വീടിനുള്ളിൽ തൂങ്ങിയ നിലയിലാണ് മൃതദേഹം കണ്ടെത്തിയത്.പിതാവ് മദ്യലഹരിയിൽ തങ്ങളെ മർദിച്ചെന്ന് കാണിച്ച് ആന്റണിയുടെ പത്തും പതിമൂന്നും വയസുള്ള മക്കൾ നേരത്തെ പൊലീസിൽ പരാതി നൽകിയിരുന്നു. ശനിയാഴ്ചയാണ് തലപ്പുഴ പൊലീസ് കേസെടുത്തത്. പ്രതിയോട് തിങ്കളാഴ്ച രാവിലെ പൊലീസ് സ്റ്റേഷനിൽ ഹാജരാകണമെന്ന് ഉദ്യോഗസ്ഥർ നിർദേശിച്ചിരുന്നെങ്കിലും ഇയാൾ എത്തിയിരുന്നില്ല.തുടർന്ന് പൊലീസുകാർ നടത്തിയ പരിശോധനയിലാണ് വീട്ടിൽ തുങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ജോലിക്കായി ആന്റണിയുടെ ഭാര്യ മൂന്ന് മാസം മുമ്പ് വിദേശത്തേക്ക് പോയിരുന്നു.




# കോടതിയിൽ നിന്ന് വിമർശനം; പിന്നാലെ കെഎസ്ആർടിസി ജീവനക്കാർക്ക് കഴിഞ്ഞ മാസത്തെ ശമ്പളം നൽകിത്തുടങ്ങി

നവംബർ മാസത്തെ ശമ്പളമാണ് നൽകിത്തുടങ്ങിയത്.ശമ്പളം വൈകിയതിനെ ഇന്ന് ഹൈക്കോടതി രൂക്ഷമായി വിമർശിച്ചിരുന്നു.ജീവനക്കാർക്കുള്ള ശമ്പള വിതരണം വൈകരുതെന്ന മുൻ ഉത്തരവ് നടപ്പാക്കാനുള്ളതാണെന്നാണ് ഹൈക്കോടതി ഇന്ന് സർക്കാരിനെ ഓർമിപ്പിച്ചത്. നവംബർ മാസത്തെ ശമ്പളം ഇതുവരെ ലഭിച്ചിട്ടില്ലെന്ന് കാട്ടി കെഎസ്ആർടിസി ജീവനക്കാരാണ് കോടതിയെ സമീപിച്ചിരുന്നത്.ജീവനക്കാർ കുറച്ചുകൂടി ജോലി ചെയ്താൽ സ്ഥാപനം രക്ഷപ്പെടുമെന്നാണ് കരുതിയതെന്നും അതിനർത്ഥം ശമ്പളം നൽകാതെ അവരെ ഉപേക്ഷിക്കാമെന്നല്ലെന്നും കോടതി ഓർമിപ്പിച്ചു. കെഎസ്ആർടിസി ജീവനക്കാരുടെ ഹർജി ഇനി വ്യാഴാഴ്ച കോടതി വീണ്ടും പരിഗണിക്കും. എല്ലാ മാസവും അഞ്ചാം തിയതിയ്ക്ക് മുൻപ് ശമ്പളം നൽകണമെന്നായിരുന്നു ഹൈക്കോടതിയുടെ ഉത്തരവ്.




# പോളിയോ ബാധിതയെ ക്രൂര പീഡനത്തിനിരയാക്കി എൺപത് പവനിലേറെ സ്വർണവും നാൽപത് ലക്ഷത്തിലേറെ രൂപയുമായി ഭർത്താവ് മുങ്ങിയെന്ന് പരാതി

**കോട്ടയം:** തെള്ളകത്ത് പോളിയോ ബാധിതയെ ക്രൂര പീഡനത്തിനിരയാക്കി എൺപത് പവനിലേറെ സ്വർണവും നാൽപത് ലക്ഷത്തിലേറെ രൂപയുമായി ഭർത്താവ് മുങ്ങിയെന്ന് പരാതി.പൊലീസ് ഗാർഹിക പീഡനത്തിന് കേസെടുത്ത് മാസങ്ങൾ കഴിഞ്ഞിട്ടും പ്രതിയെ അറസ്റ്റ് ചെയ്യാൻ തയാറായിട്ടില്ല.ചക്ര കസേരയിലാണ് രണ്ടു വയസു മുതൽ ലിറ്റിൽ ഷിയയുടെ ജീവിതം. നാഗർകോവിലിൽ നിന്ന് മുണ്ടക്കയത്തേക്ക് കുടിയേറി താമസമാക്കിയ കുടുംബത്തിലെ ഏക പെൺതരി. ജൻമനാ പോളിയോ ബാധിതയായ ഷിയയെ പൊന്നുപോലെ നോക്കാമെന്ന് വാക്കു നൽകിയാണ് നാഗർകോവിൽ സ്വദേശിയായ ആൻഡ്രൂ സ്പെൻസർ 2015ൽ വിവാഹം കഴിച്ചത്.വിവാഹം കഴിഞ്ഞതോടെ മാതാപിതാക്കൾ ഷിയയ്ക്ക് നൽകിയ പൊന്നിലും പണത്തിലും മാത്രമായി ആൻഡ്രുവിൻറെ കണ്ണ്. കൊടുക്കുന്തോറും വീണ്ടും വീണ്ടും സ്വർണം ആവശ്യപ്പെട്ടു കൊണ്ടേയിരുന്നു. ശാരീരിക ആക്രമണങ്ങളും പതിവായി. നിസഹായയായ തൻറെ മുന്നിൽ വച്ച് മറ്റ് സ്ത്രീകളുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്ന സ്ഥിതി പോലും ഉണ്ടായെന്ന് ഷിയ പറയുന്നു.കൈയിലുണ്ടായിരുന്ന എൺപത് പവനോളം സ്വർണവും നാൽപ്പത് ലക്ഷം രൂപയും തട്ടിയെടുത്ത ശേഷം ഈ വർഷം മെയ് മാസത്തിലാണ് ആൻഡ്രൂ കോട്ടയം തെള്ളകത്തെ ഫ്ളാറ്റിൽ ഷിയയെ ഉപേക്ഷിച്ച് ഷിയയുടെ കാറുമായി മുങ്ങിയത്.കാര്യങ്ങളെല്ലാം വിശദമായി പറഞ്ഞ് പൊലീസിൽ പരാതി നൽകിയ ഷിയ കോട്ടയം എസ്പിക്കു മുന്നിൽ പോലും നേരിട്ടെത്തി സഹായം അഭ്യർഥിച്ചു. ഗാർഹിക പീഡനത്തിന് കേസെടുത്തതിനപ്പുറം പ്രതിയെ അറസ്റ്റ് ചെയ്യാൻ പൊലീസ് ഇപ്പോഴും തയാറായിട്ടില്ല.



# 'കൗമാരക്കാരെ ഒരുമിച്ചിരുത്തി പഠിപ്പിക്കുന്നത് സ്വയംഭോഗവും സ്വവർഗരതിയും'; വിവാദ പരാമർശവുമായി അബ്ദുറഹ്മാൻ രണ്ടത്താണി

ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരുമിച്ചിരുത്തി പഠിപ്പിക്കുന്നതിനെതിരെ വിവാദ പരാമർശവുമായി മുസ്ലീം ലീഗ് നേതാവും മുൻ എംഎൽഎയും അബ്ദു റഹ്മാൻ രണ്ടത്താണി.കുട്ടികളെ ഒന്നിച്ചിരുത്തി പഠിപ്പിക്കുന്നത് സ്വയംഭോഗവും സ്വവർഗരതിയുമാണെന്നാണ് അബ്ദു റഹ്മാൻ രണ്ടത്താണി പറഞ്ഞത്. ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരുമിച്ചിരുത്തി പഠിപ്പിച്ചാൽ നാടിൻറെ സംസ്കാരം എങ്ങോട്ട് പോകുമെന്നും രണ്ടത്താണി ചോദിച്ചു. കണ്ണൂരിൽ യുഡിഎഫ് സംഘടിപ്പിച്ച പ്രതിഷേധ പരിപാടിയിലായിരുന്നു ലീഗ് നേതാവിൻറെ വിവാദ പരാമർശം.വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികൾക്ക് വലിയ പ്രാധാന്യമുണ്ട്. അവർ വലിയ വളർച്ച നേടിയിട്ടുണ്ട്. അതൊന്നും ഒരുമിച്ചിരുത്തിയിട്ടില്ല. ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരുമിച്ചിരുത്തിയാൽ വലിയ മാറ്റം ഉണ്ടാകുമത്രേ. എന്നിട്ടോ, പഠിപ്പിക്കുന്ന വിഷയം സ്വയംഭോഗവും സ്വവർഗരതിയും. അതല്ലേ ഹരം. ഈ കൗമാരപ്രായത്തിലെത്തിയ കുട്ടികളെ ഒരുമിച്ചിരുത്തിയിട്ട് ഇത് പഠിപ്പിച്ച് കൊടുത്താൽ എങ്ങനെയുണ്ടാകുമാ നാടിന്റെ സംസ്കാരം? ഇവർക്കാവശ്യം എന്താണ്? ധാർമ്മികമായ വിശ്വാസപരമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടരുത്. സ്ത്രീക്കും പുരുഷനും ഭരണഘടന സമത്വം കൊടുക്കാൻ പറഞ്ഞിട്ടുണ്ട്. അത് മാത്രമല്ല ഭരണഘടന പറഞ്ഞത്. ഓരോ വ്യക്തിയുടെയും വിശ്വാസം സംരക്ഷിക്കാനും ഭരണഘടന പറയുന്നുണ്ട്,' എന്നും അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞു.പാഠ്യ പദ്ധതി പരിഷ്കാരം വികലമായ രീതിയിലേക്ക് കൊണ്ടുപോകുന്നതിനെയാണ് എതിർത്തതെന്ന് പറഞ്ഞ് രണ്ടത്താണി തന്റെ പ്രസംഗത്തെ പിന്നീട് ന്യായീകരിച്ചു. കുട്ടികളുടെ വസ്ത്രധാരണത്തിലടക്കം മതപരമായ കാര്യങ്ങൾ സംരക്ഷിക്കണം. കൗമാര കാലത്ത് അപകടകരമായ കാര്യങ്ങളിലേക്ക് പോകുന്നത് ശരിയല്ല. സർക്കാർ നീക്കത്തിൽ സൈദ്ധാന്തിക അജണ്ട ഉണ്ടോയെന്ന് സംശയിക്കുന്നുവെന്നും ലൈഗിംക വിദ്യാഭ്യാസം അടിച്ചേൽപ്പിക്കേണ്ടതല്ലെന്നും അദ്ദേഹം പറഞ്ഞു. സ്കൂളിലെ സമയം മാറ്റം മദ്രസ വിദ്യാഭ്യാസത്തെ പോലും ബാധിക്കും. പുതിയ പദ്ധതികൾ കൊണ്ടുവന്നാണ് വിദ്യാഭ്യാസ രംഗത്ത് മാറ്റം കൊണ്ടുവരേണ്ടതെന്നും രണ്ടത്താണി പറഞ്ഞു.



# സംസ്ഥാനത്തെ മുഴുവൻ ഭൂമിയും അളന്നു തിരിക്കാനുള്ള ഡിജിറ്റൽ സർവേ സൗജന്യമല്ല; സർവേയ്ക്കായി ചെലവാകുന്ന തുക ജനങ്ങളിൽ നിന്നും തിരിച്ചുപിടിക്കും

സംസ്ഥാനത്തെ മുഴുവൻ ഭൂമിയും അളന്നു തിരിക്കാനുള്ള ഡിജിറ്റൽ സർവേ സൗജന്യമല്ല. സർവേയ്ക്കായി ചെലവാകുന്ന 858 കോടിയും ജനങ്ങളിൽ നിന്നും തിരിച്ചുപിടിക്കും.സർവേയ്ക്കായി സർക്കാർ ചെലവാക്കുന്ന തുക ഭൂ ഉടമകളുടെ കുടിശികയായി കണക്കാക്കും.വില്ലേജ് ഓഫീസിൽ കരം അടയ്ക്കുമ്പോൾ ഈ തുക ഭൂ ഉടമകൾ തിരികെ നൽകണമെന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവിറക്കി.ഭൂമിയുടെ കൃത്യതയും അതിരും നിശ്ചയിക്കാനുള്ള റീസർവേ വർഷങ്ങളായി അനന്തമായി നീളുന്ന സാഹചര്യത്തിലാണ് ഡിജിറ്റൽ സർവേ നടത്താൻ തീരുമാനിച്ചത്. 1550 വില്ലേജുകളിലാണ് സർവേ. വില്ലേജിന്റെ സമഗ്ര സർവേയാണ് നടത്തുന്നത്. ആധുനിക സങ്കേതങ്ങളും ഡ്രോണും ഉപയോഗിച്ചുമാകും സർവേ. റവന്യൂ, സർവേ, രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിച്ച് സുതാര്യവും കാലികവുമായ രേഖകൾ പദ്ധതിയിൽ തയ്യാറാക്കും. പദ്ധതിക്കായി 858 കോടി രൂപയാണ് സർക്കാർ ചെലവഴിക്കുകയെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ ഈ തുക ജനങ്ങളിൽ നിന്നും പിരിച്ചെടുക്കാനാണ് സർക്കാരിന്റെ തീരുമാനം. പദ്ധതിക്കാവശ്യമായ ചെലവ് ആദ്യം സർക്കാർ വഹിക്കും. എന്നാൽ ഈ തുക ഭൂ ഉടമസ്ഥരുടെ കുടിശിക തുകയായി കണക്കാക്കും.സർവേയ്ക്കുശേഷം റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുകയും വില്ലേജ് ഓഫീസുകളിൽ കരം അടയ്ക്കുമ്പോൾ ഈ തുക ഭൂ ഉടമകൾ തിരികെ അടയ്ക്കുകയും വേണം. 1961ലെ കേരള സർവേ അതിരടയാള നിയമം സെക്ഷൻ 7 പ്രകാരം തുക തിരിച്ചു പിടിക്കാവുന്നതാണെന്ന് സർവേ ഡയറക്ടർ സർക്കാരിന് ശുപാർശ നൽകുകയായിരുന്നു. ലാന്റ് റവന്യൂ കമ്മിഷണറും ഈ ആവശ്യത്തെ പിന്തുണച്ചു. തുടർന്നാണ് സർവേ ഡയറക്ടറുടെ ശുപാർശ അംഗീകരിച്ചു ജനങ്ങളിൽ നിന്നും തുക തിരിച്ചുപിടിക്കാൻ സർക്കാർ ഉത്തരവിറക്കിയത്. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായിട്ടാണ് ഡിജിറ്റൽ സർവേ നടത്താൻ തീരുമാനിച്ചത്.




# ഗവർണർക്ക് തിരിച്ചടി; സിംഗിൾ ബെഞ്ച് വിധിക്കെതിരായ സർക്കാർ അപ്പീൽ ഡിവിഷൻ ബെഞ്ച് ഫയലിൽ സ്വീകരിച്ചു

സാങ്കേതികസർവകലാശാല താത്കാലിക വി.സിയായിരുന്ന സിസ തോമസിന്റെ നിയമനം സംബന്ധിച്ചുള്ള സർക്കാർ അപ്പീൽ ഹൈക്കോടതി ഫയലിൽ സ്വീകരിച്ചു.സിംഗിൾബെഞ്ച് വിധിക്കെതിരെ സർക്കാർ നൽകിയ അപ്പീലാണ് ഹൈക്കോടതി ഡിവിഷൻബെഞ്ച് ഫയലിൽ സ്വീകരിച്ചത്. സിംഗിൾബെഞ്ച് നടത്തിയ നിരീക്ഷണങ്ങളെയും ഡിവിഷൻബെഞ്ച് തള്ളിപ്പറഞ്ഞു. സേർച്ച്കമ്മിറ്റിയിൽ ഗവർണറുടെ പ്രതിനിധി വേണ്ടായെന്നും എന്നാൽ സർക്കാരിന്റെ പ്രതിനിധി വേണമെന്നും ഡിവിഷൻബെഞ്ച് പറഞ്ഞു. ജസ്റ്റിസ് ദേവൻ രാമചന്ദ്രന്റെ നിർദ്ദേശത്തോട് ബെഞ്ച് വിയോജിക്കുകയും ചാൻസലർക്ക് മുഴുവൻ അധികാരം നൽകുന്നത് യു.ജി.സി ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ചീഫ് ജസ്റ്റിസ് എസ്. മണികുമാർ അടങ്ങുന്ന ബെഞ്ചാണ് പ്രാഥമിക വാദം കേട്ട് ഹർജി ഫയലിൽ സ്വീകരിച്ചത്സിസ തോമസിന്റെ നിയമനം അനധികൃതമെന്ന നിലപാടിൽ സർക്കാർ ഹൈക്കോടതിയെ സമീപിച്ചിരുന്നു. എന്നാൽ ജസ്റ്റിസ് ദേവൻ രാമചന്ദ്രന്റെ സിംഗിൾബെഞ്ച് സിസ തോമസിനെ തുടരാൻ അനുവദിക്കുകയായിരുന്നു. മാത്രമല്ല,സേർച്ച് കമ്മിറ്റിയിൽ ഗവർണറുടെ പ്രതിനിധിയെക്കൂടെ ഉൾപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ടിരുന്നു. ഇതിനെതിരെയാണ് സർക്കാർ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകിയത്.



# യൂത്ത് കോൺഗ്രസ് നേതാവ് റിയാസ് പഴഞ്ഞി സിപിഐ എമ്മിനൊപ്പം

**മലപ്പുറം:** യൂത്ത് കോൺഗ്രസ് സംസ്ഥാന നേതാവ് റിയാസ് പഴഞ്ഞി രാജിവച്ചു. ഫേസ്ബുക്ക് കുറിപ്പിലൂടെയാണ് ഇക്കാര്യം സൂചിപ്പിച്ചത്.രാഷ്ട്രീയത്തെയും മതനിരപേക്ഷതയെ ഗൗരവത്തോടെ സമീപിക്കുന്ന സിപിഐ എമ്മിനെ പിന്തുണച്ച് പ്രവർത്തിക്കുമെന്നും കുറിപ്പിലുണ്ട്. യൂത്ത് കോൺഗ്രസ് സംസ്ഥാന സമിതി അംഗമായിരുന്നു. വെളിയങ്കോട് പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റും പൊന്നാനി എം ഇ എസ് കോളേജിലെ പ്രൊഫസറുമാണ്. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർഥി സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. പ്രവർത്തകരെയും മുന്നണിയെയും ഒറ്റുക്കൊടുക്കുന്ന കോൺഗ്രസുമായുള്ള ബന്ധം അവസാനിപ്പിച്ചതായി ഫെയ്സ്ബുക്കിൽ കുറിച്ചു.' മനസാക്ഷിക്ക് ഒരു നിലക്കും ഉൾക്കൊള്ളാൻ കഴിയാത്ത ഉൾപ്പാർട്ടി രാഷ്ട്രീയാനുഭവങ്ങളുടെ ആവർത്തനവും മതനിരപേക്ഷത ഈ കാലഘട്ടത്തിൽ നേരിടുന്ന അതിജീവനത്തിന്റെ വെല്ലുവിളികളെ നേരിടാൻ തക്ക അടിസ്ഥാനപരമായ സംഘടനാ സ്വഭാവം കോൺഗ്രസിനില്ല എന്ന പരമമായ ബോധ്യത്തിനാലും രണ്ടു മാസങ്ങൾക്ക് മുൻപ് പാർട്ടിയിൽ നിന്നും രാജി വെച്ചിരുന്നു. അത് ഉറച്ച തീരുമാനമാണെന്ന് പല ഘട്ടങ്ങളിലായി ആവർത്തിച്ചതുമാണ്.' റിയാസ് ഫെയ്സ്ബുക്ക് കുറിപ്പിൽ പറഞ്ഞു.

# പെൺകുട്ടിയെ കയറിപ്പിടിച്ചു, നാട്ടുകാർ പിടികൂടിയ പ്രതിയ്ക്ക് രക്ഷകനായി മധ്യവയസ്കൻ എത്തി; ഇരുവർക്കുമെതിരെ പോക്സോ കേസെടുത്തു



**കൽപറ്റ:** പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ കയറിപ്പിടിച്ച യുവാവും, ഇയാളെ രക്ഷപ്പെടുത്താൻ ശ്രമിച്ച മദ്ധ്യവയസ്കനും അറസ്റ്റിൽ.പുത്തൂർവയൽ സ്വദേശികളായ തെങ്ങിൻതൊടിയിൽ നിഷാദ് ബാബു (38), കാരടിവീട്ടിൽ അബു(51) എന്നിവരാണ് പിടിയിലായത്.പിതാവിനൊപ്പം നടന്നുപോകുകയായിരുന്ന പെൺകുട്ടിയെയാണ് നിഷാദ് ബാബു കയറിപ്പിടിച്ചത്. ഇയാളെ നാട്ടുകാർ പിടികൂടുകയായിരുന്നു. തുടർന്ന് പ്രതിയെ പൊലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകാമെന്ന് പറഞ്ഞ് ഓട്ടോയിൽ കയറ്റിയ അബു രക്ഷപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു






## ലീഗിനെക്കുറിച്ച് സിപിഎം പറഞ്ഞതിൽ സന്തോഷം മാത്രം, എല്ലാവരും യോജിക്കട്ടെ- സമസ്ത

**കോഴിക്കോട്:** മുസ്ലിം ലീഗിനെക്കുറിച്ച് സിപിഎമ്മല്ല ആര് നല്ലത് പറഞ്ഞാലും സന്തോഷം മാത്രമേയുള്ളൂവെന്ന് സമസ്ത സെക്രട്ടറി ഉമർ ഫൈസി മുക്കം. 'ലീഗിനെക്കുറിച്ച് നല്ല കാര്യം ആര് പറഞ്ഞാലും സന്തോഷമേയുള്ളൂ. എല്ലാവരും യോജിച്ച് പോകണം എന്ന അഭിപ്രായമാണ് സമസ്തയ്ക്ക്. കേന്ദ്രം ഭരിക്കുന്നവർ ഫാസിസത്തിലേക്ക് നീങ്ങി കൊണ്ടിരിക്കുന്ന ഘട്ടത്തിൽ എല്ലാവരും യോജിക്കണമെന്ന് സമസ്ത നേരത്തെ പറഞ്ഞതാണ്. ആര് ഭരിച്ചാലും സ്വതന്ത്രമായി പ്രവർത്തിക്കാനും ജീവിക്കാനുമുള്ള അവസരമുണ്ടാകണം. ഇടതുപക്ഷം ചെയ്ത നല്ല കാര്യങ്ങളെ സ്വാഗതം ചെയ്യുകയും മോശമായതിൽ പ്രതിഷേധിക്കുകയും ചെയ്തിട്ടുണ്ട്. യുഡിഎഫ് കാലത്തും അങ്ങനെ തന്നെയായിരുന്നു നിലപാട്' സമസ്ത നേതാവ് പറഞ്ഞു. ആണും പെണ്ണും ഒരു പോലെ പെരുമാറുന്നത് ഇന്ത്യയുടെ തന്നെ സംസ്കാരത്തിന് വിരുദ്ധമാണ്. നിലവിലെ പാഠ്യപദ്ധതിയിൽ നിന്ന് പെട്ടന്ന് ഒരു മാറ്റം ഉണ്ടാവില്ല എന്ന് മുഖ്യമന്ത്രി നേരത്തെ പറഞ്ഞിരുന്നു. അത് ഇന്നലെ വീണ്ടും വ്യക്തമാക്കി. സ്കൂൾ പഠന സമയം നേരത്തെ ആകുന്നത് മത പഠനത്തെ ബാധിക്കും. ഈ കാര്യത്തിൽ ഇപ്പോൾ സർക്കാർ എടുത്ത നിലപാടിനെ സമുദായ സംഘടന എന്ന നിലയ്ക്ക് സ്വാഗതം ചെയ്യുന്നുവെന്നും ഉമർ ഫൈസി പറഞ്ഞു.



## കേരളത്തിലെ വി.സി നിയമന വിഷയം രാജ്യസഭയിൽ ഉന്നയിച്ച് ബിജെപി; കേന്ദ്രം ഇടപെടണമെന്ന് ആവശ്യം

ന്യൂഡൽഹി: കേരളത്തിലെ വിവാദ വൈസ് ചാൻസലർ നിയമന വിഷയം രാജ്യസഭയിൽ ഉന്നയിച്ച് ഉത്തർപ്രദേശിൽ നിന്നുള്ള ബിജെപി എം.പി. ബിജെപി കേരള ഘടകത്തിന്റെ ചുമതല കൂടിയുള്ള രാധാ മോഹൻ അഗർവാളാണ് വിഷയം സഭയിൽ അവതരിപ്പിച്ചത്. നിയമവിരുദ്ധമായി നടന്ന വൈസ് ചാൻസലർ നിയമനം റദ്ദാക്കാൻ യുജിസിയോട് നിർദേശിക്കണമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയോട് അദ്ദേഹം ആവശ്യപ്പെട്ടു. കേരളത്തിലെ സാങ്കേതിക സർവകലാശാല വിസി നിയമനം സുപ്രീംകോടതി റദ്ദാക്കിയത് ചൂണ്ടിക്കാട്ടിയാണ് അദ്ദേഹം വിഷയം സഭയിൽ അവതരിപ്പിച്ചത്. കണ്ണൂർ സർവകലാശാല ഉൾപ്പെടെയുള്ള കേരളത്തിലെ സർവകലാശാലകളിൽ വൈസ് ചാൻസലർ നിയമനം നടന്നത് നിയമവിരുദ്ധമായിട്ടാണെന്നും ഇക്കാര്യത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം വിസി നിയമന വിവാദം രാജ്യസഭയിൽ എത്തിച്ചതോടെ പാർട്ടി കേരളത്തിൽ ഉന്നയിക്കുന്ന വിഷയങ്ങൾ ദേശീയ തലത്തിൽ കൂടി ചർച്ചയാക്കാനും ബിജെപിക്കായി. കഴിഞ്ഞ ദിവസം അട്ടപ്പാടിയിലെ ശിശുമരണ വിഷയവും രാധാ മോഹൻ അഗർവാൾ രാജ്യസഭയിൽ ഉന്നയിച്ചിരുന്നു.

### ഗുരു— അനന്തപുരമായി തലസ്ഥാനം

# അഖില ഭാരത ശ്രീമദ് ഭാഗവത മഹാസത്രത്തിന് തുടക്കമായി

**തിരുവനന്തപുരം;** നാരായണ മന്ത്രങ്ങളിൽ മുഖരിതമായി അനന്തപുരം, ഇനി പത്ത് ദിനം ശ്രീഗുരുവായൂരപ്പന്റെ നിറ സാന്നിധ്യത്തിൽ തലസ്ഥാനം ഗുരു അനന്തപുരമായി മാറും. ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ കിഴക്കേ നടയിലെ ശ്രീവൈകുണ്ഠത്ത് 38 മത് അഖില ഭാരത ശ്രീമദ് ഭാഗവത മഹാസത്രത്തിന് തുടക്കമായി. പുലർച്ചെ നാല് മണിയോടെ ശ്രീ മഹാഗണപതി ഹോമത്തോടെ ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന് ഗുരുവായൂർ ക്ഷേത്ര തന്ത്രി ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ദ്വാദശനാമ പൂജയും നടന്നതോടെയാണ് ശ്രീമദ് ഭാഗവത പാരായണത്തിന് തുടക്കമായത്.
വൈകിട്ട് നാല് മണിയോടെ സത്രമണ്ഡലപത്തിൽ പ്രതിഷ്ഠിക്കാനുള്ള ശ്രീകൃഷ്ണ വിഗ്രഹം വഹിച്ച് കൊണ്ടുള്ള ഘോഷയാത്ര പഴവങ്ങാടി ഗണപതി ക്ഷേത്രത്തിന് മുന്നിൽ നിന്നും ആരംഭിച്ചു. തുടർന്ന് വൈകുണ്ഠത്ത് എത്തിച്ചേർന്ന വിഗ്രഹം ഗുരുവായൂർ ക്ഷേത്ര തന്ത്രി ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ പ്രതിഷ്ഠിച്ചു. കൊടി ഉയർത്തി, ഭദ്രദീപം തെളിയിച്ചു. തുടർന്ന് നടന്ന ചടങ്ങിൽ ഗോവ ഗവർണർ പി. എസ് ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്തു.
നമ്മുടെ പാഠ്യപദ്ധതികളിൽ ഭാഗവതം ഉൾപ്പെടെയുള്ളവ പഠിപ്പിക്കുന്ന സമ്പ്രദായം ഉണ്ടായാൽ നല്ലതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ശ്രീധരൻ പിള്ള പറഞ്ഞു. ഭക്തിയും ധർമ്മവും രണ്ട് തലത്തിൽ മുന്നോട്ട് വെയ്ക്കുമ്പോൾ ധർമ്മ തലത്തിലും ഇനിയും നമ്മൾ മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. മതത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കേണ്ടതല്ല ഭാഗവതം. ലോകത്ത് ഈശ്വരവിശ്വാസം ഇല്ലാത്തവരുടെ എണ്ണം വർദ്ധിക്കുമ്പോൾ ഭാരതത്തിൽ മാത്രമാണ് അതിന് കൂടുതൽ പേർ ഊന്നൽ നൽകുന്നത്. അത് ഭാരതത്തിന്റെ പാരമ്പര്യമാണെന്നും അദ്ദേഹം പറഞ്ഞു.
ഭക്തിയോടൊപ്പം ധർമ്മവും വേണം, ധർമ്മം ഉണ്ടെങ്കിൽ രാജാവ് വേണ്ട എന്നാണ് പഴമക്കാർ പറഞ്ഞിട്ടുള്ളത്. നമ്മളെ അടിമകളാക്കി വെച്ച നാട്ടിൽ പോലും ഇന്ത്യൻ വംശജൻ പ്രധാന മന്ത്രിയാകുന്നത് കാലം തെളിയിച്ചു. ബ്രിട്ടണിലെ പ്രധാനമന്ത്രിയായ ഇന്ത്യൻ വംശജൻ പോലും ഭഗവത് ഗീതയെതൊട്ട് സത്യപ്രതിജ്ഞനടത്തുന്നത് കാണേണ്ടി വന്നു. മാറ്റം ചരിത്ര നിയോഗമാണ്. ആ നിയോഗത്തിലേക്ക് ഭാഗവതത്തിന്റെ എല്ലാ തലങ്ങളിലേക്ക് എത്തിച്ചേരാൻ കഴിയണം. ജാതി മത വ്യത്യാസം കൂടാതെ അതിന് ഒത്തുമിച്ച് നിൽക്കണമെന്നും ശ്രീധരൻ പിള്ള പറഞ്ഞു.
സത്ര നിർവ്വഹണ സമിതി ചെയർമാൻ ആർ രാമചന്ദ്രൻനായർ അധ്യക്ഷത വഹിച്ച ചടങ്ങിൽ അശ്വതി തിരുനാൾ ഗൗരിലക്ഷ്മിബായി ഭഗവതഗ്രന്ഥം സമർപ്പിച്ചു ഭാഗവത സന്ദേശം കൈമാറി. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അനുഗ്രഹ പ്രഭാഷണം നടത്തി. രമേശ് ചെന്നിത്തല എംഎൽഎ, സ്വാമി അധ്യാത്മാനന്ദസരസ്വതി, മഹാസത്ര സമിതി പ്രസിഡന്റ് കെ ശിവശങ്കരൻ, ഡോ, ഉഷ രാജവാര്യർ തുടങ്ങിയവർ പ്രസംഗിച്ചു. വർക്കിംഗ് ചെയർമാൻ ജി. രാജ് മോഹൻ സ്വാഗതവും, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ എസ് നാരായണ സ്വാമി നന്ദിയും പറഞ്ഞു.



## ചാൻസലറെ മാറ്റാനുള്ള ബിൽ: ഭരണപക്ഷവും പ്രതിപക്ഷവും ഒത്തുകളിക്കുന്നു: കെ.സുരേന്ദ്രൻ

**തിരുവനന്തപുരം:** ഗവർണറെ ചാൻസലർ സ്ഥാനത്ത് നിന്നും മാറ്റാനുള്ള ബിൽ നിയമസഭയിൽ പാസായതിലൂടെ ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള ഒത്തുകളി വ്യക്തമായതായി ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. കേരളത്തിലെ 14 സർവ്വകലാശാലകളിലും സിപിഎമ്മിന്റെ ആധിപത്യം സ്ഥാപിക്കാനുള്ള ബില്ലിനെ അനുകൂലിച്ച വിഡി സതീശനെ പിണറായി മന്ത്രിസഭയിലെ ഉപമുഖ്യമന്ത്രിയാക്കുന്നതാണ് നല്ലത്. പ്രതിപക്ഷ ധർമ്മം മറന്നതുകൊണ്ടാണ് യുഡിഎഫ് ജനാധിപത്യവിരുദ്ധമായ ബില്ലിനെ എതിർക്കാതിരുന്നത്. സ്വജനപക്ഷപാതവും അഴിമതിയും നടത്താനാണ് സർക്കാർ ഗവർണറെ ചാൻസലർ സ്ഥാനത്ത് നിന്നും മാറ്റുന്നത്. ഇതിന് ഓശാന പാടുകയാണ് പ്രതിപക്ഷമെന്നും കെ.സുരേന്ദ്രൻ കുറ്റപ്പെടുത്തി. മുസ്ലിംലീഗിന്റെ സമ്മർദ്ദത്തിന് വഴങ്ങിയാണ് കോൺഗ്രസ് നിലപാട് മാറ്റിയത്. അഴിമതിയും സ്വജനപക്ഷപാതവും വർഗീയതയും മുഖമുദ്രയാക്കിയ ലീഗിൽ നിന്നും മറിച്ചൊരു സമീപനം പ്രതീക്ഷിക്കേണ്ടതില്ല. കോൺഗ്രസിൽ ആത്മാഭിമാനമുള്ളവർക്ക് പ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. സുപ്രീംകോടതി ഉൾപ്പെടെയുള്ള നീതിന്യായ കോടതികൾക്ക് മുമ്പിൽ പരാജയപ്പെട്ട സർക്കാർ നിയമസഭയെ ഉപയോഗിച്ച് അതെല്ലാം അട്ടിമറിക്കാൻ ശ്രമിക്കുകയാണ്. സർവ്വകലാശാലകളുടെ സ്വയം ഭരണം തകർക്കാനും വിദ്യാർത്ഥികളുടെ ഭാവി ഇല്ലാതാക്കാനുമാണ് സർക്കാരും പ്രതിപക്ഷവും ശ്രമിക്കുന്നത്. സർക്കാരിന്റെ നിലപാട് കാരണം സംസ്ഥാനത്തെ പതിനായിരക്കണക്കിന് സർവ്വകലാശാല വിദ്യാർത്ഥികൾ ആശങ്കയിലാണ്. അവരുടെ ഭാവിക്ക് ഭീഷണിയാണ് നിയമസഭയിൽ അവതരിപ്പിച്ച ബിൽ. ഇപ്പോൾ തന്നെ നാഥനില്ലാ കളരിയാണ് കേരളത്തിലെ സർവ്വകലാശാലകൾ. ഭരണഘടനാവിരുദ്ധവും യുജിസി നിയമങ്ങൾക്കെതിരുമായ ബില്ലിനെതിരെ ബിജെപി പോരാടുമെന്നും കെ.സുരേന്ദ്രൻ പറഞ്ഞു.



## കോൺഗ്രസിനെയും ലീഗിനെയും തമ്മിലടിപ്പിക്കാനുള്ള ശ്രമം ബൂമറാങ്ങായി; പരിഹാസവുമായി സതീശൻ

തിരുവനന്തപുരം: കോൺഗ്രസിനെയും ലീഗിനെയും തമ്മിലടിപ്പിക്കാമെന്ന ലക്ഷ്യത്തോടെയാണ് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ ലീഗിനെക്കുറിച്ച് മുഖ്യമന്ത്രിക്കുണ്ടായിരുന്ന അഭിപ്രായം തിരുത്തിപ്പറഞ്ഞതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. അവസാനം അത് സി.പി.എമ്മിന് തന്നെ ബൂമറാങ്ങായെന്നും അദ്ദേഹം പരിഹസിച്ചു. ഇപ്പോൾ പടയൊരുക്കം ഇടത് പാളയത്തിലാണെന്ന് കാനം രാജേന്ദ്രന്റെ പ്രസ്താവനയിൽ നിന്നും വ്യക്തമായിരിക്കുകയാണ്. അത് പരിഹരിക്കാൻ ഉഭയകക്ഷി ചർച്ചകൾ നടത്തേണ്ട അവസ്ഥയിലാണ് സി.പി.എം എന്നും അദ്ദേഹം ഗവർണറെ ചാൻസലർ സ്ഥാനത്ത് നിന്ന് മാറ്റുന്നതുമായി ബന്ധപ്പെട്ട ബില്ലിനെതിരെയുള്ള വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ടുള്ള വാർത്താ സമ്മേളനത്തിനിടയിലാണ് എംവി ഗോവിന്ദന്റെ പ്രസ്താവനയുമായി ബന്ധപ്പെട്ടുള്ള വിഡി സതീശന്റെ പ്രതികരണം.





## ശശി തരൂരുമായി കൂടിക്കാഴ്ച നടത്താൻ കെ.വി തോമസ്: കൂടുതൽ നേതാക്കളെ കാണാൻ ശ്രമം

ദില്ലി: കോൺഗ്രസ് വിട്ട മുതിർന്ന നേതാവ് കെ.വി തോമസ് ശശി തരൂരുമായി കൂടിക്കാഴ്ച നടത്തും. ദില്ലിയിൽ വച്ചാണ് ഇരുനേതാക്കളും തമ്മിൽ കാണുന്നത്. വൈകിട്ട് തരൂരിനെ ദില്ലിയിലെ വസതിയിൽ പോയി കാണുമെന്ന് കെ വി തോമസ് പറഞ്ഞു. തന്റെ ചുമതലയിലുള്ള ട്രസ്റ്റിന്റെ പരിപാടിക്ക് തരൂരിനെ ക്ഷണിക്കാൻ വേണ്ടിയാണ് കൂടിക്കാഴ്ചയെന്നാണ് കെ.വി തോമസിന്റെ വിശദീകരണം. തരൂരിനെ കൂടാതെ വേറെയും ചില കോൺഗ്രസ് നേതാക്കളെ കാണാൻ കെവി തോമസ് ശ്രമിക്കുന്നുണ്ടെന്നാണ് സൂചന. കോൺഗ്രസിലേയും സിപിഎമ്മിലേയും നേതാക്കളെ ദില്ലിയിൽ വച്ച് താൻ കാണുന്നുണ്ടെന്ന് കെവി തോമസ് പിന്നീട് മാധ്യമങ്ങളോട് പറഞ്ഞു. തരൂരുമായുള്ള കൂടിക്കാഴ്ചയിൽ രാഷ്ട്രീയമില്ലെന്നും പാർട്ടി വിട്ടെങ്കിലും സോണിയ ഗാന്ധിയുമായും മല്ലികാർജ്ജുൻ ഖാർഗെയുമായും നല്ല വ്യക്തിബന്ധമുണ്ടെന്നും അദ്ദേഹം പറഞ്ഞു. സിപിഐഎമ്മിൽ നിന്നും തനിക്ക് പരിഗണന കിട്ടിയില്ല എന്ന് ആരോപണം ശരിയല്ലെന്നും പദവി മോഹിച്ചിട്ടില്ല സിപിഐഎമ്മിനോട് സഹകരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.






### ഇന്നത്തെ ശബരിമല വിശേഷങ്ങൾ (1412 /2022)

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ
11 മണി വരെയും നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ......ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
വൈകുന്നേരം 4 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം
പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.



BUSINESS NEWS

# എവൺ സൈക്കിൾസിന്റെ നാലാമത് പതാക വാഹക സ്റ്റോർ കണ്ണൂരിൽ ആരംഭിച്ചു

**കണ്ണൂർ:** എവൺ സൈക്കിൾസിന്റെ പതാക വാഹക സ്റ്റോർ ആയ എവൺ സ്വയറിന്റെ ഉദ്ഘാടനം കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടർ മന്ദീപ് പഹ്വ കണ്ണൂരിൽ നിർവഹിച്ചു. ഉന്നത നിലവാരമുള്ള ആധുനീക ട്രെൻഡി സൈക്കിളുകൾ, ഫിറ്റ്നസ് ഉപകരണങ്ങൾ, ഇസ്കൂട്ടറുകൾ തുടങ്ങിയവയെല്ലാം ഒരു കുടക്കീഴിൽ ഒരുക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത. എവൺ സൈക്കിളുകൾ, സൈക്ലക്സ്, എവൺ ഇ-സ്കൂട്ട്, ഇറിക്ഷകൾ, ഇ ലോഡറുകൾ, ഫിറ്റ്നസ് ഉപകരണങ്ങൾ തുടങ്ങിവയെല്ലാം ഇവിടെ ലഭ്യമാണ്. ഇ റിക്ഷകളും ഇകാർട്ടുകളും വഴിയുള്ള ബദൽ യാത്രാ, ചരക്കു നീക്കങ്ങൾക്കുംള്ള സൗകര്യങ്ങളും എവൺ സ്വയർ ഒരുക്കുന്നുണ്ട്. വിനോദവും സാഹസികതയും ഇഷ്ടപ്പെടുന്ന പുതിയ തലമുളയ്ക്കായുള്ള കാംബിയോ പ്രീമിയം ശ്രേണിയിലുള്ള സൈക്കിളുകളും എവൺ സ്വയറിലുണ്ട്. പ്രവർത്തനത്തിന്റെ 70-ാം വർഷമായ 2022-ൽ എവൺ ഏഷ്യയിലെ പ്രമുഖ ബ്രാൻഡ് ആയി സ്ഥാനം പിടിച്ചിട്ടുണ്ട്

# ആക്സിസ് ലോങ് ഡ്യൂറേഷൻ ഫണ്ട് അവതരിപ്പിച്ചു

കൊച്ചി: ആക്സിസ് മ്യൂച്വൽ ഫണ്ടിൻറെ ആക്സിസ് ലോങ് ഡ്യൂറേഷൻ പദ്ധതിയുടെ പുതിയ ഫണ്ട് ഓഫർ ഡിസംബർ ഏഴു മുതൽ 21 വരെ നടക്കും.ഏഴു വർഷത്തിൽ കൂടുതൽ കാലാവധിയുള്ള താരതമ്യേന കൂടുതൽ പലിശ നിരക്കുള്ളതും താരതമ്യേന കുറഞ്ഞ നഷ്ട സാധ്യതയുള്ളതുമായ വിഭാഗങ്ങളിൽ നിക്ഷേപിക്കുന്ന ഓപ്പൺ എൻഡഡ് ഡെറ്റ് പദ്ധതിയാണിത്.5,000 രൂപയാണ് കുറഞ്ഞ നിക്ഷേപം. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായും നിക്ഷേപിക്കാം. നിഫ്റ്റി ലോങ് ഡ്യൂറേഷൻ ഡെറ്റ് സൂചിക എ-മൂന്ന് ആയിരിക്കും പദ്ധതിയുടെ അടിസ്ഥാന സൂചിക. പലിശ നിരക്ക് ഉയർന്നിരിക്കുന്ന അവസരത്തിൽ ദീർഘകാലത്തേക്ക് നിക്ഷേപിച്ച് നിരക്ക് ലോക്കു ചെയ്യുവാൻ അവസരം നൽകുന്നതു കൂടിയാണ് പദ്ധതി. 30 വർഷ കാഴ്ചപ്പാടോടു കൂടി ദീർഘകാല സർക്കാർ കടപത്രങ്ങളിലും ഇതു നിക്ഷേപം നടത്തും.ഇപ്പോഴത്തെ സാഹചര്യത്തിൽ സ്ഥിര വരുമാന തന്ത്രങ്ങൾ നിക്ഷേപകരെ സംബന്ധിച്ച് മികച്ച ഒന്നാണെന്ന് പദ്ധതിയെക്കുറിച്ച് പ്രതികരിക്കവെ ആക്സിസ് എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ചന്ദ്രേഷ് നിഗം പറഞ്ഞു. തങ്ങളുടെ കരിയറിൻറെ മധ്യ ഭാഗത്ത് എത്തി റിട്ടയർമെൻറിനു ശേഷമുള്ള കാലത്തെ കുറിച്ച് ആസൂത്രണം ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ഇത് പ്രത്യേകിച്ചു ബാധകമാണ്. ആക്സിസ് ലോങ് ഡ്യൂറേഷൻ പദ്ധതി അവതരിപ്പിക്കുന്നതോടെ നിക്ഷേപകർ റിട്ടയർമെൻറിനു ശേഷമുള്ള കാലത്തേക്കുള്ള നിക്ഷേപത്തെ കുറിച്ചു പുനർചിന്തനം നടത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# പിരിച്ചുവിടൽ നടപടികളുമായി പെപ്സികോ

ജീവനക്കാരുടെ എണ്ണം വെട്ടിച്ചുരുക്കാനൊരുങ്ങി പ്രമുഖ ശീതള പാനീയ നിർമ്മാതാക്കളായ പെപ്സികോ. റിപ്പോർട്ടുകൾ പ്രകാരം, കമ്പനിയുടെ നോർത്ത് അമേരിക്കൻ സ്നാക്സ് ആന്റ് ബിവറേജസ് വെർട്ടിക്കലുകളുടെ ആസ്ഥാനത്ത് നിന്നാണ് നൂറുകണക്കിന് തൊഴിലാളികളെ പിരിച്ചുവിടാൻ തീരുമാനിച്ചിരിക്കുന്നത്.പിരിച്ചുവിടൽ നടപടികൾ സംബന്ധിച്ച് ജീവനക്കാർക്ക് മെമ്മോയും കമ്പനി നൽകിയിട്ടുണ്ട്. ജീവനക്കാരുടെ എണ്ണം വെട്ടിച്ചുരുക്കുന്നതോടെ, പ്രവർത്തന രംഗത്ത് കൂടുതൽ മാറ്റങ്ങൾ നടപ്പാക്കാനാണ് കമ്പനി പദ്ധതിയിടുന്നത്. കമ്പനിയുടെ ബിവറേജസ് ബിസിനസിൽ നിന്നുമാണ് കൂടുതൽ ജോലിക്കാരെ പിരിച്ചുവിടാൻ സാധ്യത.കമ്പനിയുടെ നോർത്ത് അമേരിക്കൻ സ്നാക്ക്സ്, പാക്കേജ്ഡ് ഫുഡ് ബിസിനസിന് ചിക്കാഗോ, ടെക്സാസ് എന്നിവിടങ്ങളിലും ആസ്ഥാനമുണ്ട്. ശീതള പാനീയത്തിന് പുറമേ, ഡോറിറ്റോസ് നാച്ചോസ്, ലെയ്സ് പൊട്ടറ്റോ ചിപ്സ്, ക്വാക്കർ ഓട്സ് എന്നിവയും കമ്പനി നിർമ്മിക്കുന്നുണ്ട്.

FILM WORLD

# പ്രണയരംഗങ്ങളിൽ കട്ട് പറഞ്ഞാലും ഞാൻ അവസാനിപ്പിക്കാറില്ല: മോഹൻലാൽ

മലയാളത്തിലെ എന്നല്ല ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ നടനാണ് മോഹൻലാൽ. അഭിനയത്തിന്റെ കാര്യത്തിൽ പകരക്കാരില്ലാത്ത നടനാണ് അദ്ദേഹം.നടന വിസ്മയം, കംപ്ലീറ്റ് ആക്ടർ, താരരാജാവ് എന്നിങ്ങനെ മോഹൻലാലിന് ആരാധകർ ചാർത്തി കൊടുത്തിരിക്കുന്ന വിശേഷണങ്ങൾ നിരവധിയാണ്. അത്രമാത്രം വൈവിധ്യമാർന്ന കഥാപാത്രങ്ങളാണ് വെള്ളിത്തിരയിൽ നടൻ അവതരിപ്പിച്ചിട്ടുള്ളത്.സദയം, ചിത്രം, ദശരഥം, സ്ഫടികം, വാനപ്രസ്ഥം, തന്മാത്ര തുടങ്ങിയ എത്രയെത്ര സിനിമകളിലാണ് നടൻ പ്രേക്ഷകരെ വിസ്മയിപ്പിച്ചിട്ടുള്ളത്. ആദ്യം വില്ലനായി എത്തിയ മോഹൻലാൽ പിന്നീട് നായകനായും സൂപ്പർ സ്റ്റാറയുമെല്ലാം വളരുകയായിരുന്നു. കോമഡിയോ സീരിയസോ വേഷങ്ങൾ ഏത് തന്നെ ആയാലും മോഹൻലാൽ എന്ന നടന്റെ കയ്യിൽ ഭദ്രമായിരുന്നു.കരഞ്ഞോണ്ട് ഇറങ്ങി പോയി, വഴക്ക് കൂടിയത് ഫാസിലുമായി; ഡബ്ബിങ് സ്റ്റുഡിയോയിലെ പ്രശ്നത്തെ കുറിച്ച് ഭാഗ്യലക്ഷ്മി അതുവരെയുണ്ടായിരുന്ന നായക സങ്കൽപ്പങ്ങളെ തിരുത്തി കൊണ്ടായിരുന്നു മോഹൻലാലിന്റെ മലയാള സിനിമയിലേക്കുള്ള എൻട്രി. വില്ലനായി എത്തിയ മോഹനലാലിന് മലയാളത്തിലെ ഏറ്റവും മികച്ച പ്രണയ നായകനാവാൻ അധികം നാൾ വേണ്ടി വന്നിരുന്നില്ല. പ്രണയനായകനായി നടൻ തിളങ്ങിയ പല സിനിമകളും സൂപ്പർ ഹിറ്റുകളായിട്ടുണ്ട്.ഒരിക്കൽ കൈരളി ടിവിയിലെ ജെബി ജംഗ്ഷനിൽ അതിഥി ആയി എത്തിയപ്പോൾ മോഹൻലാൽ താൻ പ്രണയ രംഗങ്ങളിൽ അഭിനയിക്കുന്നതിനെ കുറിച്ച് പറഞ്ഞിരുന്നു. പ്രണയ രംഗങ്ങളിൽ സംവിധായകർ കട്ട് പറഞ്ഞാലും താൻ അവസാനിപ്പിക്കാറില്ല എന്നാണ് മോഹൻലാൽ പറഞ്ഞത്. ഷോയിൽ നടൻ മുകേഷ് ചോദിച്ച ചോദ്യത്തിന് മറുപടി ആയിട്ടായിരുന്നു മോഹൻലാൽ ഇക്കാര്യം പറഞ്ഞത്.നമ്മളെ പോലും പരിസരം മറന്ന് അഭിനയിക്കാനുള്ള വലിയ പ്രചോദനം ലാൽ നൽകാറുണ്ട്. പ്രണയരംഗങ്ങളിൽ ലാലിനോടൊപ്പം അഭിനയിക്കാൻ വളരെ കംഫർട്ടബിൾ ആണെന്ന് ആ കാലത്ത് ലാലിനോടൊപ്പം അഭിനയിച്ച എല്ലാ നടിമാരും പറഞ്ഞിട്ടുണ്ട്. നമ്മളെ പോലും പരിസരം മറന്ന് അഭിനയിക്കാനുള്ള വലിയ പ്രചോദനം ലാൽ നൽകാറുണ്ട് എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെയുള്ള രംഗങ്ങളിൽ ലാൽ കഥാപാത്രമായി മാറി അഭിനയിക്ക് പിന്നീട് എപ്പോഴാണ് മോഹൻലാൽ ആകുന്നത്. ഇനി ഇപ്പോൾ ആകാറില്ലേ?' എന്നായിരുന്നു മുകേഷിന്റെ ചോദ്യം.ഇതിനു മോഹൻലാൽ നൽകിയ മറുപടി ഇങ്ങനെ ആയിരുന്നു, 'ഇത് ഒരു മേക്ക് ബിലീഫ് എന്നൊരു സംഭവമാണ്. ഇപ്പോൾ ദൃശ്യം കണ്ടിട്ട് മോഹൻലാലും മീനയും ആ കുടുംബവും ശരിക്കും കുടുംബമായി എന്നൊക്കെ പറയണമെങ്കിൽ അവരെയും കംഫർട്ടബിൾ കൊണ്ട് വരണം. എന്നാലാണ് നമ്മുക്കും സൗകര്യമായിട്ട് അഭിനയിക്കാൻ പറ്റുകയുള്ളു.,''ഞാൻ നിന്നെ പ്രേമിക്കുന്നു മാൻകിടാവേ എന്ന് പാടുമ്ബോൾ അതിൽ അവർ ആ മാൻകിടാവിനെ പോലെ ആയി മാറുകയും അവർ അതുപോലെ പ്രതികരിക്കുകയും വേണം. അങ്ങനെയുള്ള രംഗങ്ങളിൽ അവരെ ഏറ്റവും കംഫർട്ടബിൾ ആക്കാൻ ഞാൻ ശ്രമിക്കാറുണ്ട്. അങ്ങനെയാകുമ്ബോൾ ഞാൻ കുറച്ചു കൂടെ കംഫർട്ടബിൾ ആകും,'ഒരു പരിചയമില്ലാത്തവർ ഒരു പ്രണയരംഗത്തിൽ വരുമ്ബോൾ ഞാൻ എന്തെങ്കിലും പറയുമ്ബോൾ അതിൽ എന്തെങ്കിലും സത്യസന്ധത തോന്നിയാലേ അതിനനുസരിച്ച് പ്രതികരിക്കാൻ കഴിയൂ. അതുകൊണ്ടാണ് തമാശകൾ ഒക്കെ പറഞ്ഞ് ഏറ്റവും കംഫർട്ടബിൾ ആക്കാൻ ശ്രമിക്കുന്നത്. നമ്മൾ കംഫർട്ടബിൾ ആകാൻ കൂടി വേണ്ടിയാണത്,'മുകേഷിന്റെ ചോദ്യത്തിന് മറുപടി പറയുകയാണെങ്കിൽ കട്ട് എന്ന് പറയുന്നതോടെ അവരിൽ നിന്ന് അത് പോകും. പക്ഷെ എനിക്ക് ആ സിനിമ കഴിയുന്നത് വരെ ഉണ്ടാകും. സിനിമ കഴിഞ്ഞാലും പോകില്ലെന്നാണ് അവൻ ചിന്തിക്കുന്നതെങ്കിൽ അവൻ മഹാനായ ഒരു മനുഷ്യനാണ്.അതുപോലെയുള്ള പ്രണയങ്ങൾ നല്ലതാണെങ്കിൽ അത് അങ്ങനെ ഇരുന്നോട്ടെ. എന്തിനാണ് നിങ്ങൾ നഷ്ടപ്പെടുത്തുന്നത്. എന്റെ പ്രണയം നിങ്ങൾക്ക് നിഷേധിക്കാൻ കഴിയില്ലെന്നാണ്. നിങ്ങൾക്ക് പ്രണയിക്കാതിരിക്കാം. എനിക്ക് പ്രണയിക്കുന്നത് കൊണ്ട് എന്താണ് കുഴപ്പം. പ്രണയം ഏറ്റവും മനോഹരമായ ഫീലിങ്ങാണ്. അത് എല്ലാത്തിനോടും തോന്നുന്ന ഒന്നാണ്. അത് അങ്ങനെ തന്നെ കിടന്നോട്ടെ,' മോഹൻലാൽ പറഞ്ഞു.






# 2022ൽ ബോക്സ് ഓഫീസ് ഇളക്കിമറിച്ച് ദക്ഷിണേന്ത്യൻ സിനിമകൾ

ചെന്നൈ: ദക്ഷിണേന്ത്യൻ സിനിമയ്ക്ക് 2022 സുവർണ വർഷമായിരുന്നു. എല്ലാ ചിത്രങ്ങളും ബോക്സ് ഓഫീസിൽ വലിയ തരംഗമുണ്ടാക്കി. 'ആർആർആർ', 'കെജിഎഫ് 2' തുടങ്ങിയ ചിത്രങ്ങളുടെ വരുമാനം എല്ലാവരെയും അമ്ബരപ്പിച്ചു. ഈ വർഷം പുറത്തിറങ്ങിയ ദക്ഷിണേന്ത്യയിലെ ബമ്ബർ ഹിറ്റ് ചിത്രങ്ങളുടെ ലിസ്റ്റ് കാണാം.

## കാന്താര

ഋഷഭ് ഷെട്ടി സംവിധാനം ചെയ്ത് നായകവേഷത്തിൽ എത്തിയ 'കാന്താര' വലിയ പ്രേക്ഷക ശ്രദ്ധയാണ് നേടിയത്. കെജിഎഫ് നിർമാതാക്കളായ ഹൊംബാലെ ഫിലിംസ് നിർമിച്ച് സെപ്റ്റംബർ 30 ന് റിലീസ് ചെയ്ത ചിത്രം ബോക്സ് ഓഫീസ് തൂത്തുവാരി. 2022ൽ പുറത്തിറങ്ങിയ ഇന്ത്യൻ സിനിമകളിൽ ഏറ്റവും കൂടുതൽ കലക്ഷൻ നേടിയ ചിത്രങ്ങളിൽ ഒന്നാണിത്. ഉത്തരകേരളത്തിന്റെ തെയ്യവും കർണാടകയുടെ ദൈവക്കോലവും ഇഴ ചേർന്ന തുളുനാടൻ സംസ്കാര പശ്ചാത്തലത്തിലുള്ളതാണ് സിനിമ. ചിത്രം 'കാന്താര' ഡിസംബർ ഒമ്ബതിന് ഒടിടി പ്ലാറ്റ്ഫോമായ നെറ്റ്ഫ്ലിക്സിൽ റിലീസ് ചെയ്തു.

## കാർത്തികേയ 2

ദൈവത്തിന്റെ രഹസ്യങ്ങൾ അറിയാൻ ആഗ്രഹിക്കുന്ന ഒരു ഡോക്ടറുടെ കഥയാണ് ഈ തെലുങ്ക് ചിത്രം പറയുന്നത്. ഇന്ത്യൻ ചരിത്രവും ആത്മീയതയും ഇതിൽ കാണിക്കുന്നു. ഓഗസ്റ്റ് 13ന് റിലീസ് ചെയ്ത ചിത്രം 120 കോടിയിലധികം കലക്ഷൻ നേടിയിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ചന്ദു മൊണ്ടേട്ടി തന്നെ സംവിധാനം ചെയ്ത് 2014ൽ പ്രദർശനത്തിന് എത്തിയ 'കാർത്തികേയ'യുടെ രണ്ടാം ഭാഗമാണ് ചിത്രം. കുറഞ്ഞ ബഡ്ജറ്റിൽ അനുപം ഖേർ, നിഖിൽ സിദ്ധാർഥ്, അനുപമ പരമേശ്വരൻ എന്നിവരെ കേന്ദ്ര കഥാപാത്രമാക്കിയാണ് ചിത്രം നിർമിച്ചത്.

## പൊന്നിയൻ സെൽവൻ 1

പത്താം നൂറ്റാണ്ടില ചോളരാജവംശത്തിന്റെ കഥയാണ് ചിത്രം പറയുന്നത്. ചിത്രം രണ്ടു ഭാഗങ്ങളായാണ് തിയറ്ററുകളിലെത്തുന്നത്. വമ്ബൻ താരനിരയെ അണിനിരത്തി മണിരത്നമാണ് സിനിമ സംവിധാനം ചെയ്തത്. വിക്രം, തൃഷ, കാർത്തി, ഐശ്വര്യ റായ്, ജയം രവി, ശോഭിത ദുലിപാല, ഐശ്വര്യ ലക്ഷ്മി, ജയറാം, ലാൽ, പ്രകാശ് രാജ്, ജയറാം, പാർത്ഥിപൻ തുടങ്ങിയവരാണ് ചിത്രത്തിലെ പ്രധാന താരങ്ങൾ. കൽക്കി കൃഷ്ണ മൂർത്തിയുടെ 1995ൽ പുറത്തിറക്കിയ 'പൊന്നിയൻ സെൽവൻ' എന്ന നോവലിനെ അടിസ്ഥാനമാക്കിയാണ് ചിത്രം ഒരുക്കിയത്.

## മേജർ

മേജർ സന്ദീപ് ഉണ്ണികൃഷ്ണന്റെ ജീവിതത്തെ ആസ്പദമാക്കി ഒരുക്കിയ ഈ ചിത്രത്തിന് മികച്ച പ്രേക്ഷക സ്വീകാര്യതയാണ് ലഭിച്ചത്. ചിത്രം ജൂൺ മൂന്നിനാണ് റിലീസ് ചെയ്തത്. ചിത്രം ജൂലൈ മൂന്നിന് ഒടിടിയിലും റിലീസായി. മേജർ സന്ദീപ് ആയി അഭിനയിച്ചത് തെന്നിന്ത്യൻ അഭിനേതാവും സംവിധായകനും തിരക്കഥാകൃത്തുമായ ആദിവി ശേഷ് ആണ്. പ്രകാശ് രാജ്, രേവതി, സെയ് മഞ്ജരേക്കർ, മുരളി ശർമ എന്നിവരാണ് മറ്റ് പ്രധാന കഥാപാത്രങ്ങളായെത്തിയത്.

## 777 ചാർലി

രക്ഷിത് ഷെട്ടി നായകനായ ചിത്രം '777 ചാർലി' ജീവിതം സുഖകരമല്ലാത്ത ഒരു ആൺകുട്ടിയുടെ കഥയാണ് പറയുന്നത്. ഏകാന്തതയിൽ അകപ്പെടുന്ന നായകന്റെ ജീവിതത്തിലേക്ക് ചാർലി എന്ന നായ കടന്നു വരുന്നതും തുടർന്ന് ഉണ്ടാകുന്ന സംഭവവികാസങ്ങളുമാണ് ചിത്രത്തിന്റെ പ്രമേയം. ഒരു നായയും മനുഷ്യനും തമ്മിലുള്ള മനോഹരമായ ബന്ധമാണ് ചിത്രം ചിത്രീകരിക്കുന്നത്.

## സീതാ രാമം

പ്രേക്ഷക ഇഷ്ടം നേടിയ ഒരു പ്രണയ ചിത്രമാണ് സീതാ രാമം. ദുൽഖർ സൽമാനെ നായകനാക്കി ഹനു രാഘവപ്പുഡി സംവിധാനം ചെയ്ത ചിത്രം 1965ലെ ഇൻഡോ- പാക് യുദ്ധത്തിന്റെ പശ്ചാത്തലത്തിലുള്ളതാണ്. ലെഫ്റ്റനന്റ് റാം എന്ന കഥാപാത്രമായി ദുൽഖർ എത്തുമ്ബോൾ മൃണാൾ താക്കൂറാണ് നായികയായി എത്തുന്നത്. കശ്മീർ, ഹൈദരാബാദ് എന്നിവിടങ്ങളിലായിട്ടാണ് ചിത്രീകരിച്ചത്.

## വിക്രം


തിയേറ്ററുകളിൽ പ്രേക്ഷകർ ഏറെ ഇഷ്ടപ്പെട്ട കമൽഹാസന്റെ തിരിച്ചു വരവ് ചിത്രമാണിത്. ആക്ഷൻ മുതൽ ക്ലൈമാക്സ് വരെ ഗംഭീരമാണ്. ചിത്രത്തിൽ വിജയ് സേതുപതി, ഫഹദ് ഫാസിൽ എന്നിവർ പ്രധാന വേഷത്തിൽ എത്തുന്നുണ്ട്. കമൽ ഹാസന്റെ ഗംഭീര പ്രകടനം എന്നാണ് പ്രേക്ഷകർ അഭിപ്രായപ്പെടുന്നത്. ലോകേഷ് കനകരാജ് എന്ന സംവിധായകന്റെ മികവിനും എല്ലാ കോണുകളിൽ നിന്നും മികച്ച പ്രതികരണം നേടി.

## കെജിഎഫ് 2

യാഷിന്റെ ഈ ചിത്രം തിയേറ്ററുകളെ ഇളക്കിമറിച്ചു. കോടികൾ മുടക്കി പുറത്തിറക്കിയ വമ്ബൻ സിനിമകളെയും പിന്നിലാക്കിയായിരുന്നു പ്രശാന്ത് നീലിന്റെ 'കെജിഎഫ് 2' റെക്കോർഡുകൾ കുറിച്ചത്. കന്നഡ സിനിമയ്ക്കും രാജ്യമൊട്ടാകെ ആരാധകരെ നേടിക്കൊടുക്കാൻ 'കെജിഎഫി'നായി. റോക്കി ഭായിയായി യാഷ് തീപടർത്തിയ ആദ്യ ഭാഗത്തിന്റെ അതേ പാതയിൽ തന്നെയാണ് ചാപ്റ്റർ രണ്ടും സഞ്ചരിക്കുന്നത്

## ആർആർആർ

ജൂനിയർ എൻടിആർ, രാം ചരൺ എന്നിവരെ പ്രധാനകഥാപാത്രങ്ങളാക്കി രാജമൗലി ഒരുക്കിയ ബ്രഹ്മാണ്ഡ ചിത്രം 'ആർആർആർ' ബോക്സ് ഓഫീസിൽ കോടികൾ വാരിക്കൂട്ടി. ഇന്ത്യൻ സിനിമ ചരിത്രത്തിൽ ഏറ്റവും മുതൽ മുടക്കുള്ള ചിത്രമായാണ് ആർആർആർ തിയറ്ററിലെത്തിയത്. 650 കോടിയാണ് ചിത്രത്തിന്റെ നിർമാണ ചെലവ്. അജയ് ദേവ്ഗൺ, ഒലിവിയ മോറിസ്. സമുദ്രക്കനി, അലിസൺ ഡൂഡി, റേ സ്റ്റീവൻസൺ, ശ്രിയ ശരൺ തുടങ്ങിയവരും വേഷമിട്ടു.




# ഐപിഎൽ 2023 മിനി താരലേലം ഡിസംബർ 23ന് കൊച്ചിയിൽ

മുംബൈ: ഐപിഎൽ 2023 മിനി താരലേലം ഡിസംബർ 23ന് കൊച്ചിയിൽ നടക്കും.ഇന്ത്യൻസമയം ഉച്ചയ്ക്ക് 2.30 മുതലാണ് നടക്കുക രജിസ്റ്റർ ചെയ്ത 405 താരങ്ങളുടെ ചുരുക്ക പട്ടികയായി.991 പേരാണ് നേരത്തെ ലേലത്തിനായി രജസിറ്റർ ചെയ്തിരുന്നത്.പുതുക്കിയ പട്ടികയിൽ 273 ഇന്ത്യൻ താരങ്ങളും 132 പേർ വിദേശികളുമാണ്. ഇവരിൽ നാല് പേർ അസോസിയേറ്റ് രാജ്യങ്ങളിൽ നിന്നുള്ളവരാണ്. 119 താരങ്ങൾ ക്യാപ്ഡ് പ്ലെയേർസും 282 പേർ അൺക്യാപ്ഡ് കളിക്കാരുമാണ്. പരമാവധി 87 താരങ്ങളുടെ ഒഴിവുകളാണ് എല്ലാ ടീമുകളിലുമായി നികത്താനുള്ളത്. ഇവയിൽ 30 സ്ഥാനങ്ങൾ വിദേശ കളിക്കാർക്ക് വേണ്ടിയുള്ളതാണ്.ഒരു സ്ക്വാഡിൽ എട്ട് വിദേശ താരങ്ങൾക്കാണ് പരമാവധി ഇടം ലഭിക്കുക . ഏറ്റവും ഉയർന്ന റിസർവ് തുകയായ രണ്ട് കോടിയിൽ 19 വിദേശ താരങ്ങളുണ്ട്. 1.5 കോടി അടിസ്ഥാന വിലയ്ക്ക് 11 താരങ്ങൾ രജിസ്റ്റർ ചെയ്തു. ഒരു കോടി രൂപ അടിസ്ഥാന വിലയുള്ള 20 താരങ്ങളിൽ മനീഷ് പാണ്ഡെയും മായങ്ക് അഗർവാളുമുണ്ട്.ചെന്നൈ സൂപ്പർ കിംഗ്സിന് 20.45 കോടി രൂപയും ഡൽഹി ക്യാപിറ്റൽസിന് 19.45 കോടിയും ഗുജറാത്ത് ടൈറ്റൻസിന് 19.25 കോടിയും കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് 7.05 കോടിയും ലഖ്നൗ സൂപ്പർ ജയന്റ്സിന് 23.35 കോടി രൂപയും മുംബൈ ഇന്ത്യൻസിന് 20.55 കോടിയും പഞ്ചാബ് കിംഗ്സിന് 32.2 കോടിയും റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിന് 8.75 കോടിയും രാജസ്ഥാൻ റോയൽസിന് 13.2 കോടിയും സൺറൈസേഴ്സ് ഹൈദരാബാദിന് 42.25 കോടി രൂപയുമാണ് ലേലത്തിൽ പരമാവധി ചിലവഴിക്കാനായി അവശേഷിക്കുന്നത്. ചെന്നൈയിൽ 7 ഉം ഡൽഹിയിൽ 5 ഉം ഗുജറാത്തിൽ 7 ഉം കൊൽക്കത്തയിൽ 11 ഉം ലഖ്നൗവിൽ 10 ഉം മുംബൈയിലും പഞ്ചാബിലും 9 വീതവും ബാംഗ്ലൂരിൽ 7 ഉം രാജസ്ഥാനിൽ 9 ഉം സൺറൈസേഴ്സിൽ 13 ഉം താരങ്ങളുടെ ഒഴിവാനുള്ളത്.

EDITORS CHOICE

# ദേശീയ കുതിര ദിനം

ദേശീയ കുതിര ദിനം എല്ലാ ഡിസംബർ 13 നും ആഘോഷിക്കുന്നു. കുതിരകൾ നൽകിയ സാമ്പത്തികവും ചരിത്രപരവും സാംസ്കാരികവുമായ സംഭാവനകളെ ഓർമ്മിക്കുന്ന ദിവസമാണിത്. ഈ മഹത്തായ ജീവികളോടുള്ള തങ്ങളുടെ വിലമതിപ്പ് പ്രകടിപ്പിക്കാൻ രാജ്യത്തുടനീളമുള്ള കുതിരപ്രേമികൾ ഡിസംബർ 13 ന് ഒത്തുചേരും. നിങ്ങൾ പരിചയസമ്പന്നനായ ഒരു സവാരിക്കാരനാണെങ്കിലും അല്ലെങ്കിൽ നിങ്ങളുടെ ജീവിതത്തിൽ ഒരിക്കലും കുതിരപ്പുറത്ത് കയറിയിട്ടില്ലെങ്കിലും, നിങ്ങൾക്ക് ഈ ദിവസം തിരിച്ചറിയാൻ കഴിയുന്ന ചില വഴികൾ പരിശോധിക്കുക. 2004-ൽ, കോൺഗ്രസ് ഡിസംബർ 13 ദേശീയ കുതിര ദിനമായി ആചരിച്ചു, അതിനുശേഷം അമേരിക്കക്കാർ ഈ ദിനം എടുക്കുന്നു. നമ്മുടെ രാജ്യത്തെ ഇന്നത്തെ നിലയിലാക്കാൻ സഹായിക്കുന്നതിൽ മാത്രമല്ല, ആധുനിക യുഗത്തിൽ അതിന്റെ നിലവിലെ പങ്കിലും കുതിരയുടെ പങ്ക് ആഘോഷിക്കാനും അഭിനന്ദിക്കാനും. കുതിരകൾ, പൊതുവേ, യുഎസ് സമ്പദ്‌വ്യവസ്ഥയിലേക്ക് ഏകദേശം 9.2 ബില്യൺ ഡോളർ സംഭാവന ചെയ്യുന്നു. അവർ വയലുകൾ ഉഴുതുമറിക്കാൻ സഹായിക്കുകയാണോ; ഗ്രാമപ്രദേശങ്ങളിലേക്ക് ഭക്ഷണവും സാധനങ്ങളും നീക്കുക; കന്നുകാലികളെ റാഞ്ചുകളിൽ മാറ്റുക; അല്ലെങ്കിൽ മധുരവും ചിന്തനീയവുമായ കുതിര ചികിത്സ നൽകുക; കുതിരകൾ അമേരിക്കയിലെ ജീവിതത്തിന്റെ ഘടനയിൽ സ്വയം നെയ്തെടുത്തിരിക്കുന്നു.13,000 നും 11,000 നും ഇടയിൽ പ്രാകൃത അമേരിക്കൻ കുതിരകൾ നശിച്ചതിനുശേഷം, ഇന്നത്തെ കാട്ടു-കുതിരകളെ 1400 കളുടെ അവസാനത്തിൽ യൂറോപ്യൻ കോളനിസ്റ്റുകൾ അമേരിക്കയിലേക്ക് പുനരവതരിപ്പിച്ചു. വലിയ സമതലങ്ങളിലും പടിഞ്ഞാറൻ പർവതപ്രദേശങ്ങളിലും അവ തഴച്ചുവളർന്നു, അവിടെ കാട്ടുകൂട്ടങ്ങളുടെ ഇടിമുഴക്കമുള്ള കുളമ്പുകൾ ഇന്നും കേൾക്കുന്നു. റോഡിയോകൾ ഇപ്പോഴും അമേരിക്കൻ പടിഞ്ഞാറൻ സംസ്കാരത്തിന്റെ സജീവവും ആഘോഷിക്കപ്പെടുന്നതുമായ ഭാഗമാണ്, കൂടാതെ, പരുക്കൻ, ഗ്രാമപ്രദേശങ്ങളിൽ, ജോലി ചെയ്യുന്നതിനായി കുതിരകൾ ഇപ്പോഴും ആവശ്യമാണ്. കുതിര ദിനത്തിന്റെ ചരിത്രം സഹസ്രാബ്ദത്തിന് പുതിയതാണെങ്കിലും, കുതിരകൾ തന്നെ പല അമേരിക്കക്കാരുടെയും ജീവിതത്തിൽ എല്ലായ്പ്പോഴും അന്തർലീനമാണ്.



RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com